Vol-3 / Issue - 2 / June 2019

# ഫോർച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേക്ക്





## പിതൃമൊഴി

“നിങ്ങൾ സന്തുഷ്ടരല്ലെന്നോ? എന്തുകൊണ്ടെന്ന് അറിയാമോ? നിങ്ങൾ നിങ്ങൾക്കു തന്നെ ഏറെ പ്രാധാന്യം കൊടുക്കുന്നു. നിങ്ങൾ മറ്റുള്ളവരെ സന്തുഷ്ടരാക്കുമ്പോൾ ആ സന്തോഷം നിങ്ങളിലേയ്ക്ക് തിരിച്ചുവരുന്നു.”

**Fortune Voice**
Vol-3 / Issue - 2 / July 2019

Chief Editor
**Sr Vimala George**


Associate Editor
**Sr Reena Maria**

Editor
**Sr Moncy Francis**

Editorial Board
**Sr Lilly Treesa, Sr Cicy Manuel, Sr Rosy Joseph, Sr Nirmala Kuriakose Sr Litty Xaviour, Sr Alphy Sebastian, Sr Shiny Anna James, Sr Remya Mathew**

Layout
**CERA GRAPHICS**

## ഉള്ളടക്കം




- വിദ്യാഭ്യാസം: കാഴ്ചയും കാഴ്ചപ്പാടുകളും
- കാഴ്ചപ്പാടിനെ വിജയമാക്കിയ വല്യച്ചൻ
- കാഴ്ചകളിലെ വീഴ്ചകൾ!
- സ്നേഹിക്കണം പ്രകൃതിയെ
- ഗതി മാറുന്ന ഇന്ത്യൻ ജനാധിപത്യം
- സ്വാതന്ത്ര്യം
- കുട്ടികൾ വളരുന്നു, നിങ്ങളോ?
- നോട്ടം
- “Don’t Die before the Death”
- കുടുംബവും ലാളിത്യവും
- വിജയമന്ത്രങ്ങൾ

Single Copy ₹15/- Annual ₹ 60



# കാഴ്ചയും കാഴ്ച്ചപ്പാടും

ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു കഥ വായിച്ചത് ഇങ്ങനെ. ഒരാശ്രമത്തിലെ രണ്ടു മുറികൾ തന്റെ രണ്ടു ശിഷ്യർക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ മുറികൾ എന്തെങ്കിലുംകൊണ്ട് നിറയ്ക്കാൻ ആവശ്യപ്പെടുന്ന ഗുരു. അതിലൊരുവൻ വെള്ളി നാണയങ്ങൾകൊടുത്ത് വൈക്കോൽ വാങ്ങി നിറയ്ക്കാൻ ശ്രമിച്ചു. പക്ഷേ, എത്ര ശ്രമിച്ചിട്ടും മുറി നിറയുന്നില്ല. ഇതരൻ തനിക്ക് കിട്ടിയ മുറിയുടെ വാതിലും ജനാലകളും സൂര്യവെളിച്ചത്തിലേയ്ക്ക് മലർക്കേ തുറന്നിട്ടു. എന്നിട്ട് ഒരു ചന്ദനത്തിരി കത്തിച്ചു. പിന്നെ ശാന്തമായി ചമ്രം പടിഞ്ഞിരുന്ന് വചനഗീതങ്ങൾ ചൊല്ലിത്തുടങ്ങി. ഇപ്പോൾ മുറി സംഗീതം, സുഗന്ധം, വെളിച്ചം എന്നിവ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഗുരു പറഞ്ഞു; ഇതാ രണ്ടു മനുഷ്യരുടെ മുന്നിൽ രണ്ടു കാഴ്ചയും കാഴ്ചപ്പാടും. ചിലർ വൈക്കോൽകൊണ്ട് ഉള്ള് നിറയ്ക്കാൻ മാത്രം കാഴ്ചയുള്ളവർ. മറ്റുചിലരാകട്ടെ, തൊട്ടറിയാനാവത്തതെങ്കിലും ഉന്നത കാഴ്ചപ്പാടുകളും നിലപാടുകളും സ്വീകരിക്കുന്നവർ!

"മങ്ങിയ കാഴ്ചകൾ കണ്ടു മടുത്തു,
കണ്ണടകൾ വേണം, കണ്ണടകൾ വേണം".

കാട്ടാക്കടയുടെ കവിതാശകലം മനസ്സിൽ വരുന്നു. കണ്ണടകൊണ്ട് കാര്യമില്ല. അന്ധതയുടെ കാരണം "Eye Problem" അല്ല, "I Problem" ആണ്. നാം വായിച്ച കൊച്ചുകഥയിലെ ശിഷ്യന്മാരുടെ കാഴ്ചപ്പാടനുസരിച്ച് അവർ പുറത്തുകൊണ്ടുവന്ന ഫലങ്ങളും വ്യത്യാസപ്പെട്ടിരുന്നു.

കാഴ്ചയെ തടയുക അഹങ്കാരമാണ്. നിങ്ങൾ കാണുന്നു എന്നു പറഞ്ഞിട്ടും നിങ്ങൾ കാണുന്നില്ല എന്ന് ഈശോ ഫരിസേയരെ കുറ്റപ്പെടുത്തുന്നുണ്ട്. കാണേണ്ടത് കാണാതെ കാണാൻ ഇഷ്ടമുള്ളത് മാത്രം തിരഞ്ഞുപിടിച്ച് കാണുന്നതാണ് അന്ധത. അത് മനുഷ്യമനസ്സിനെ ബാധിക്കും. ജീവിതം വൈക്കോൽകൊണ്ടോ മറ്റെന്തെങ്കിലുംകൊണ്ടോ നിറയ്ക്കും. പക്ഷേ ജീവിതത്തിന് സുഗന്ധമുണ്ടാകുകയില്ല. ആ ജീവിതം കൊണ്ട് അപരനോ തനിക്കോ പ്രകാശം നൽകാൻ സാധിക്കുകയില്ല. അവരെ അന്ധരായ മാർഗ്ഗദർശികളെന്ന് ഈശോ വിളിച്ചു.

ദർശനമില്ലാത്ത അതിഭാഷണത്തിന്റെ പ്രതിനിധികളാണ് ഇന്നത്തെ മാധ്യമലോകത്ത് വിലസുന്നത്. ഇവരെപ്പറ്റിയാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പറഞ്ഞത്: "മാധ്യമങ്ങളും നേതാക്കന്മാരും സത്യത്തിനുനേരെ കണ്ണടച്ച് നുണകൾ പ്രചരിപ്പിച്ചുകൊണ്ട് കോലാഹലമുണ്ടാക്കുമ്പോൾ അവർ സാധാരണക്കാരിൽനിന്ന് അകലുകയാണ്". കാഴ്ചയെ തടയുന്ന എന്തിനേയും മറികടന്നുവേണം ഉൾക്കാഴ്ചയിലേയ്ക്ക് പോകാൻ. വെളിവ് നഷ്ടപ്പെട്ട ഒരുവൻ ഇരുട്ടത്ത് തപ്പിത്തടഞ്ഞ് നടക്കുകയാണ്. വഴി തെറ്റിയെന്ന് തിരിച്ചറിയുന്നത് വഴി തീരാറാകുമ്പോഴാണെങ്കിലും നമ്മുടെ മത ലക്ഷ്യങ്ങളെയും രാഷ്ട്രീയലക്ഷ്യങ്ങളെയും സംബന്ധിച്ചും ഇതിന് കാലിക പ്രസക്തിയുണ്ട്. പരിശീലനത്തിൽ, ദൗത്യനിർവ്വഹണ മേഖലയിൽ, ബന്ധങ്ങളിൽ, അധികാര മേഖലയിൽ സമസ്ത മേഖലകളിലും അടിസ്ഥാനമാറ്റത്തിന്റെ ചക്രവാളങ്ങൾ തുറന്ന കൗൺസിലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. പക്ഷേ ഈ അരനൂറ്റാണ്ടിലെ മാറ്റത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ കൗൺസിൽ ഉദ്ദേശിച്ച മാറ്റത്തിനു പകരം നമ്മുടെ ജീവിതത്തിൽ വിശ്വാസസംരക്ഷണം, പ്രകടനം, സാക്ഷ്യപ്പെടുത്തൽ എന്നിവയെയും നമ്മുടെ സൗകര്യാർത്ഥം വളച്ചൊടിക്കുന്നതിനാൽ, സാക്ഷ്യമാകുന്നതിൽ പരാജയപ്പെടുകയാണ്. കാഴ്ചപ്പാട് മാറേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സഭ മാത്രമല്ല, ഒരു പുതിയ പെന്തക്കുസ്തായ്ക്കുവേണ്ടി കേഴുകയാണ് വിദ്യാഭ്യാസ രംഗവും. വിജ്ഞാന വിസ്ഫോടനത്തിന്റെ കാലഘട്ടത്തിൽ ദേശമെങ്ങും പെരുകുന്ന അസ്വസ്ഥത, അധാർമ്മികത, രാഷ്ട്രീയകൊലപാതകങ്ങൾ എന്നിവയുടെ കാരണം വിദ്യാഭ്യാസത്തിന്റെ കുറവല്ല. ഒരു നല്ല വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിഷൻ കിട്ടിയാൽ തങ്ങളുടെ കുട്ടികളുടെ ഭാവി സുരക്ഷിതമായി എന്ന് കരുതുന്ന മാതാപിതാക്കളുടെയും അവരെക്കൊണ്ട് അപ്രകാരം ചിന്തിപ്പിക്കുന്ന വിദ്യാഭ്യാസ പ്രവർത്തകരുടെയും കാഴ്ചയും കാഴ്ചപ്പാടും മങ്ങിയതിനാലാണ്. ഇന്ന് കുടുംബങ്ങളെ പ്രത്യേകിച്ച് ക്രിസ്തീയ കുടുംബങ്ങളെ വേട്ടയാടുന്ന ഒരു ദുർഭൂതമാണ് വിദ്യാഭ്യാസ വ്യഗ്രത. പഠിക്കണം=പണമുണ്ടാക്കണം=സുഖിക്കണം. നമുക്കെവിടെയോ പാളിച്ച പറ്റിയിട്ടുണ്ട് എന്ന തിരിച്ചറിവ് ഉണ്ടാകണം. യഹൂദർ പാരമ്പര്യത്തിനും ഗ്രീക്കുകാർ വിജ്ഞാനത്തിനും നമ്മൾ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകി. വിശ്വാസം വിദ്യാഭ്യാസംകൊണ്ട് പകരം വെക്കാമെന്ന വ്യർത്ഥചിന്ത, തകർച്ചയുടെ മൂലകാരണമാണ്. വിദ്യാഭ്യാസപുരോഗതിക്ക് വഴിമരുന്നിട്ട സഭയും, കുടം തുറന്നുവിട്ട ഭൂതത്തെ പിടിച്ചു കെട്ടാനാവാതെ പകച്ചുനിൽക്കുകയാണ്. നമ്മുടെ ക്രൈസ്തവ കുടുംബങ്ങളുടെ കാഴ്ചപ്പാടും കാഴ്ചയും ദൈവത്തോടും സഭയോടും ചേർന്നുപോകുവാനും, അവരെ ചേർത്തുനിറുത്തുവാനും ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടിയിരിക്കുന്നു. സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ. സത്യത്തെ നോക്കി നമ്മുടെ കാഴ്ചയേയും കാഴ്ചപ്പാടിനേയും നമുക്ക് വിലയിരുത്താം.

സസ്നേഹം
**സി. വിമലാ ജി.**



# വിദ്യാഭ്യാസം: കാഴ്ചയും കാഴ്ചപ്പാടുകളും

**ഫാ.സക്കറിയാസ് ഇല്ലിക്കമുറിയിൽ**
കോർപ്പറേറ്റ് മാനേജർ, കാഞ്ഞിരപ്പള്ളി രൂപത



ഭാരതം ലോകത്തിനു സംഭാവന ചെയ്ത മഹാഗുരുക്കന്മാരിൽ അഗ്രഗണ്യനാണ് ഡോ.എസ്. രാധാകൃഷ്ണൻ. 1947 ജൂലൈ 22 നു ചേർന്ന ഭരണഘടനാ നിർമ്മാണ സമിതിയിൽ അദ്ദേഹം നമ്മുടെ ത്രിവർണ്ണ ദേശീയ പതാകയെപ്പറ്റി നടത്തിയ പ്രഭാഷണം ഏറെശ്രദ്ധേയമാണ്. വെള്ള നിറം സൂര്യന്റെ ധവള രശ്മികളെ, പ്രതാശത്തിന്റെ പാതയെ, സത്യത്തിന്റെ പ്രകാശത്തെ, സുതാര്യമായ ലാളിത്യത്തെ പ്രതിനിധാനം ചെയ്യുന്നു. ഒരാൾ ഈ വഴിയെ കടന്നുവേണം തന്റെ സത്യാന്വേഷണ ലക്ഷ്യത്തിലെത്തിച്ചേരേണ്ടത്. അതിനാൽ പതാകയുടെ മദ്ധ്യത്തിൽ ധർമ്മത്തിന്റെ മാനദണ്ഡമായ അശോകചക്രം സ്ഥാപിച്ചിരിക്കുന്നു. ധർമ്മവും നീതിയും ഒരിക്കലും നിശ്ചലമാവുന്നില്ല. കുങ്കുമനിറം ത്യാഗസന്നദ്ധതയെ സൂചിപ്പിക്കുന്നു. നേതാക്കന്മാർ മഹാത്മാഗാന്ധിയെപ്പോലെ സ്വന്തം ഉത്തരവാദിത്വങ്ങളെപ്പറ്റി ബോദ്ധ്യമുള്ളവരും അർപ്പണബോധവും നിസ്വാർത്ഥതയും നിറഞ്ഞ ഹൃദയത്തിന്റെ ഉടമകളുമായിരിക്കണമെന്ന് ഈ നിറം ഓർമ്മിപ്പിക്കുന്നു. ഹരിതവർണ്ണം നമ്മുടെ കഠിനാദ്ധ്വാനം, ഹരിതാഭമായ ഈ ഭൂമിയിൽത്തന്നെ പറുദീസ സൃഷ്ടിക്കാനുതകണം എന്നു സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഡോ. രാധാകൃഷ്ണന്റെ വിദ്യാഭ്യാസ ദർശനം ദേശീയതലത്തിലും മതേതരത്വത്തിലും ജനാധിപത്യത്തിലും അധിഷ്ഠിതമായിരുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യന്റെ സർവ്വോത്മുഖ വളർച്ചയാണ്. ഭാരതത്തിന്റെ വിദ്യാഭ്യാസ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച ക്രൈസ്തവ മിഷനറിമാരുടെ ദൈവദർശനം മനുഷ്യനെ, അവന്റെ അന്തസ്സിൽ ഉയർത്തി നിർത്തുക എന്നത് ഉദാത്ത മനുഷ്യദർശനാധിഷ്ഠിതമാണ്. സാക്ഷരതയിലും ജീവിതനിലവാരത്തിലും ഉയരാൻ സാധിച്ചെങ്കിലും

പോയകാലത്തിന്റെ ചില ജീർണതകൾ പൂർവ്വാധികം ശക്തിപ്രാപിച്ച് വിദ്യാഭ്യാസമേഖലയെ പ്രശ്നബാധിതമാക്കിയിരിക്കുകയാണ്. കുടുംബങ്ങളിലെ ശൈഥില്യവും വിദ്യാഭ്യാസനയങ്ങളും കേരളത്തിന്റെ സാംസ്കാരിക അപചയത്തിനു കാരണമായിട്ടുണ്ട്. മൂല്യങ്ങൾക്ക് പ്രാധാന്യം കല്പിക്കുന്ന ജീവിതക്രമങ്ങളിലേയ്ക്ക് ഇവ രണ്ടും തിരിച്ച് പോകേണ്ടിയിരിക്കുന്നു. സംസ്കാരങ്ങൾ വിലയിരുത്തപ്പെടുന്നത് ഏത് മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നുവെന്നതിനെ ആശ്രയിച്ചാണ്. മൂല്യങ്ങളിൽ ജീവിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം. സ്വന്തം ജീവിതത്തിന്റെ മഹത്വവും മറ്റുള്ളവരുടെ ജീവിതത്തിന്റെ ശ്രേഷ്ഠതയും ഗ്രഹിച്ച് ജീവിക്കുന്നതാണ് മൂല്യാധിഷ്ഠിത ജീവിതക്രമം. അമേരിക്കൻ പ്രസിഡന്റായിരുന്ന തിയഡോർ റൂസ്‌വെൽറ്റ് (1091-09) പറഞ്ഞു: ഒരു വ്യക്തിക്ക് സദാചാര ശിക്ഷണത്തിലധിഷ്ഠിതമല്ലാത്ത വിദ്യാഭ്യാസം നല്കുമ്പോൾ അയാൾ സമൂഹത്തിന് ഭീഷണിയാകുന്നുവെന്ന്. വെറും അക്കാഡമിക് മികവിനും കനത്ത ശമ്പളമുള്ള ജോലിക്കും പ്രാധാന്യം നല്കുന്നതുമൂലം മാനസികമായി ശോഷിച്ച വിദ്യാർത്ഥിസമൂഹത്തിന്റെയും മാതാപിതാക്കളുടെയും നാടായി മാറുകയാണ് നമ്മുടെ നാട്.



സച്ചിൻ തെണ്ടുൽക്കർ തന്റെ ജീവിതകഥ എഴുതാൻ ആരംഭിക്കുന്നത് അദ്ദേഹത്തിന്റെ അച്ഛൻ രമേഷ് തെണ്ടുൽക്കറുടെ വാക്കുകൾ ഓർത്തുകൊണ്ടാണ്. "മകനേ, ജീവിതം ഒരു പുസ്തകം പോലെയാണ്. അതിന് ഒരുപാട് സർഗ്ഗങ്ങളുണ്ട്. അതിൽ ഒരുപാട് പാഠങ്ങളുമുണ്ടാകും. അത് നാനാതരം അനുഭവങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഒരു പെൻഡുലത്തോട് സദൃശ്യത പുലർത്തുന്ന അത് പരമാർത്ഥത്തിൽ രണ്ടതിരുകളാണ്, സന്തോഷവും ദുഃഖവും. വിജയത്തിൽ നിന്നും പരാജയത്തിൽ നിന്നും പഠിക്കുന്ന പാഠങ്ങൾക്ക് തുല്യ പ്രാധാന്യമുണ്ട്. വിജയത്തെയും സന്തോഷത്തെയുംക്കാൾ വലിയ അധ്യാപകരാണ് പരാജയവും ദുഃഖവും. നീയൊരു വലിയ ക്രിക്കറ്ററാണ്. രാജ്യത്തിന്റെ വലിയ ബഹുമതി ജനങ്ങൾ നിനക്ക് നല്കുന്നതാണ്. ഒരു മനുഷ്യൻ എഴുപതോ എൺപതോ വർഷം വരെയാണ് ജീവിക്കുക. പക്ഷേ കായികലോകത്ത് സജീവമായി നിൽക്കുന്നത് ഇരുപത് വർഷം. അതിന്റെ അർത്ഥം ക്രിക്കറ്റിനേക്കാൾ കൂടുതൽ മറ്റു മണ്ഡലങ്ങളിലാണ് നീ ജീവിക്കുക. സരസമായ പ്രകൃതും സന്തുലിതമായ പെരുമാറ്റവും നിലനിർത്തുക. സച്ചിൻ ഒരു നല്ല ക്രിക്കറ്ററാണെന്നതിനേക്കാൾ ഒരു നല്ല മനുഷ്യനാണെന്ന് ജനം പറയുന്നതു കേൾക്കുമ്പോഴാണ് പിതാവെന്ന നിലയിൽ ഞാൻ സന്തോഷിക്കുക".

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം ഒരു വ്യക്തിയെ നല്ല മനുഷ്യനാക്കിത്തീർക്കുക എന്നതാണ്. ഉറച്ചതും നിലനിൽക്കുന്നതുമായ ജീവിതക്രമം രൂപപ്പെടുത്തുവാൻ കുട്ടികളെ സഹായിക്കുന്നതായിരിക്കണം വിദ്യാഭ്യാസം.

നല്ല മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളുടെയും വിദ്യാർത്ഥികളുടെയും വലിയ ഭാഗ്യവും അനുഗ്രഹവുമാണ്. അദ്ധ്യാപനം സോഷ്യൽ എഞ്ചിനീയറിംഗ് ആണെന്ന് പറയാറുണ്ട്. വിദ്യാഭ്യാസം ഒരു ധൈഷണിക-സാംസ്കാരിക നവോത്ഥാന പ്രവർത്തനമാണ്. അതിജീവിതത്തിന്റെ പരിശീലനവേദിയാണത്; തിന്മക്കെതിരെയുള്ള പോരാട്ടമാണത്. അജ്ഞതയെയും അന്ധകാരത്തെയും കീഴടക്കാനുള്ള പോരാട്ടം. അതോടൊപ്പം സ്വയം വെളിച്ചമായിത്തീരാനുള്ള പരിശീലനവും.

കുടുംബത്തിലെ പരിശീലനമാണ് വിദ്യാഭ്യാസത്തിന്റെ ആദ്യപടി. ഭാരതീയ കുടുംബങ്ങൾ മതമാനുഷിക മൂല്യങ്ങൾ പഠിപ്പിച്ചിരുന്ന സർവ്വകലാശാലകളായിരുന്നു. എന്നാൽ, ഇന്ന് കുടുംബത്തിന്റെ പ്രാധാന്യം വിസ്മരിച്ച്, വിദ്യാലയങ്ങളിൽ നിന്ന് ലഭിക്കും എന്ന് കരുതുന്നത് അപകടയാത്രയാണ്. മനുഷ്യന്റെ സമഗ്ര വികസനമാണ് വിദ്യാഭ്യാസം. ബുദ്ധികൊണ്ട് ചിന്തിക്കാനും ഹൃദയംകൊണ്ട് സ്നേഹിക്കാനും കരങ്ങൾകൊണ്ട് സേവനം ചെയ്യാനും ഉതകുന്ന പരിശീലനമാണ് വിദ്യാഭ്യാസത്തിലൂടെ നല്കേണ്ടതെന്ന് ഗാന്ധിജി ഓർമ്മിപ്പിച്ചു. സത്യം തന്നെയായ ദൈവത്തെ കണ്ടെത്താതെ വിദ്യാഭ്യാസം വികസനപ്രക്രിയയായി മാത്രം ചുരുങ്ങുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസദർശനം മനുഷ്യരോടും ദൈവത്തോടും പ്രകൃതിയോടും ചേർന്നു നിൽക്കുന്നതായിരിക്കട്ടെ.





# കാഴ്ചപ്പാടിനെ വിജയമാക്കിയ വല്യച്ചൻ

സി. നവ്യ മരിയ എസ്.സി.ജെ.ജി

കാഴ്ചയും കാഴ്ചപ്പാടും മാറുമ്പോൾ മനുഷ്യനിൽ സൃഷ്ടിക്കപ്പെടുന്നത് അത്ഭുതങ്ങളാണ്. ഒരു മനുഷ്യന്റെ നല്ല ജീവിതത്തെ മുന്നോട്ടു നയിക്കുന്ന പ്രധാനപ്പെട്ട ഘടകമാണ് കാഴ്ച. അതും ശരിയായ കാഴ്ച. കാഴ്ചയില്ലാത്തതുമൂലം പലവിധ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. നേരായത് കാണാൻ പറ്റാത്ത അവസ്ഥാന്തരീക്ഷങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണമായി വി. ഗ്രന്ഥത്തിൽ (മർക്കോ. 8:22–24) അന്ധനു കാഴ്ച നല്കിയ ശേഷം നീ എന്തെങ്കിലും കാണുന്നുണ്ടോയെന്ന ചോദ്യത്തിന് അവൻ ഉത്തരം പറയുക, ഞാൻ മനുഷ്യരെ കാണുന്നുണ്ട്, അവർ മരങ്ങളെ പോലെയിരിക്കുന്നു, നടക്കുന്നതായും കാണുന്നു. ഇവിടെ കാഴ്ചയുടെ കുറവുമൂലമാണ് വ്യക്തമായി കാണാൻ കഴിയാതിരുന്നത്. കാഴ്ച ആരോഗ്യകരമാകുമ്പോഴാണ് കാഴ്ചപ്പാടുകൾ നല്ലതാവുക. മനുഷ്യനെ വലിയ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തനാക്കുന്നതും ഈ കാഴ്ചപ്പാടുതന്നെ. ഓരോ വ്യക്തിയെയും വ്യത്യസ്തമാക്കുന്നത് അവന്റെ കാഴ്ചയും കാഴ്ചപ്പാടുമാണ്.

വിശുദ്ധമായ കാഴ്ചപ്പാടിലൂടെ വിശുദ്ധ

പദവിയിലേയ്ക്കുയർന്ന വ്യക്തിത്വങ്ങൾ നമുക്ക് മാർഗ്ഗദീപങ്ങളാണ്.

ലോകത്തിന്റെ കാഴ്ചപ്പാടിൽ പ്രധാനപ്പെട്ടവ ദൈവത്തിന്റെയും ദൈവജനത്തിന്റെയും കാഴ്ചപ്പാടിൽ പ്രധാനപ്പെട്ടവയാകണമെന്നില്ല. ആഢംബരകാറുകളും കെട്ടിടങ്ങളും ഉന്നത ബിരുദങ്ങളും സുഖപ്രദമായ ജീവിതസൗകര്യങ്ങളും ലോകത്തിനു മുമ്പിൽ എന്നും നേട്ടങ്ങളാണ്. എന്നാൽ കുരിശും കുരിശിന്റെ വഴികളും കഷ്ടപ്പാടും രോഗവും സഹനവും ലോകത്തിന് ഭയാനകങ്ങളാണെങ്കിൽ വിശുദ്ധർക്ക് അത് നിധി മറഞ്ഞിരിക്കുന്ന വയലുകളാണ്, സ്വർഗ്ഗത്തിലെത്തിക്കുന്ന വാഹനങ്ങളാണ്. ഹൈറേഞ്ചിന്റെ പ്രകാശഗോപുരമായി തീർന്ന ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ കാഴ്ചപ്പാട് ക്രൈസ്തവമായിരുന്നു. ജർമ്മനിയുടെ സുഖസൗകര്യങ്ങളെല്ലാം ഉപേക്ഷിച്ച് അപരിഷ്കൃത നാട്ടിലേയ്ക്ക് കടന്നുവരാനുള്ള ഉൾവിളി ഈ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ്. ഹൈറേഞ്ചിന്റെ പച്ചയായ ജീവിതത്തെ കണ്ടറിഞ്ഞ അദ്ദേഹം അവരുടെ മാനസികവും ഭൗതികവുമായ ഉയർച്ചയ്ക്കായി തന്റെ ജീവിതം സമർപ്പിച്ചു. ദുഃഖിതർക്ക് സന്തോഷവും മ്ലാനവദനർക്ക് പുഞ്ചിരിയും അസ്വസ്ഥരായവർക്ക് ആശ്വാസവുമായിരുന്നു വല്യച്ചൻ. അർഹതപ്പെട്ടവരും അല്ലാത്തവരും സഹായം കൈപ്പറിയിരുന്നപ്പോഴും അത് എത്തപ്പെടുന്നത് ഓരോ വ്യക്തിയിലും കുടികൊള്ളുന്ന ഈശോയിലേയ്ക്കാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ഈ കാഴ്ചപ്പാട് എന്നും ഉന്നതമായിരുന്നു. ബ്രദർ പ്രകാശ് ഒരിക്കൽ പങ്കുവച്ചതുപോലെ വല്യച്ചൻ ഭാരതമണ്ണിൽ ആദ്യമായി കാലുകുത്തിയപ്പോൾ "ഇതെന്റെ കർമ്മഭൂമി" എന്ന ആദ്യമന്ത്രണം നാവിൽ നിന്ന് ഉതിർന്നതിന്റെ പിന്നിലെ പ്രചോദനഘടകം അദ്ദേഹത്തിന്റെ ദൈവനിയോഗത്തിൽനിന്ന് ഉയിർക്കൊണ്ടതായിരുന്നു. വികസിത രാജ്യത്തിലെ സൗകര്യങ്ങളിൽ നിന്നും കഷ്ടപ്പാടുനിറഞ്ഞ ജീവിതത്തിലേക്കാണ് വന്നതെങ്കിലും ജീവിതം ദുരിതപൂർണ്ണമായെന്നു പരിഭവിക്കുവാൻ ഈ കാഴ്ചപ്പാട് അദ്ദേഹത്തെ അനുവദിച്ചില്ല. അവയെല്ലാം ദൈവത്തിലേയ്ക്കുള്ള വഴികളാണെന്ന് വല്യച്ചൻ മനസ്സിലാക്കി. അയൽക്കാരനോട് പുലർത്തേണ്ട സുവിശേഷാത്മക മനോഭാവം (ലൂക്കാ 10:25-37) എങ്ങനെയെന്ന് ബ്രദർ പറഞ്ഞുകൊടുത്തു. ബ്രദർ ഫോർത്തുനാത്തൂസിന്റെ ആദരാത്മകതയുടെ തനിമയെന്നത്, ലോകമുമ്പാകെ ബഹുമാനിക്കപ്പെടാത്തവരെയും ബഹുമാന്യരായി ഉയർത്തിപ്പിടിക്കുവാൻ വെമ്പിയതിന്റെ പിന്നിലെ പ്രേരകം കരുണാർദ്രമനസ്സായിരിക്കും. ഇവിടെ ബഹുമാനിക്കുകയെന്നത് സ്വഭാവിക വികാരങ്ങൾക്കതീതമായ യഥാർത്ഥ സ്നേഹമാണ്. ഇങ്ങനെയൊക്കെ നമുക്കും കഴിയണമെങ്കിൽ നമ്മുടെ വിശ്വാസനേത്രങ്ങൾ തുറക്കണം. ഇതിലൂടെ മാത്രമേ ഔന്നത്യമുള്ള കാഴ്ചപ്പാട് കൈവരിക്കാൻ സാധിക്കൂ.

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് പറയുകയുണ്ടായി. "സ്നേഹമില്ലാത്തിടത്ത് നീതി കഠിനമായിരിക്കും; സ്നേഹമില്ലാത്ത ഉത്തരവാദിത്വം പരുക്കനായിരിക്കും. സ്നേഹമില്ലാത്ത സത്യം വിമർശനാത്മകമായിരിക്കും. സ്നേഹമില്ലാത്ത വിദ്യാഭ്യാസം സാമൂഹിക വിരുദ്ധമായിരിക്കും വളർത്തിക്കൊണ്ടുവരിക. സ്നേഹമില്ലാത്ത സൗഹൃദം കാപട്യമായിരിക്കും. സ്നേഹമില്ലാത്ത ബുദ്ധിശക്തി അഹംകൊണ്ട് നിറയുന്നു. സ്നേഹമില്ലാത്ത ക്രമപാലനം ഇടുങ്ങിയ ചിന്തകളിലേയ്ക്ക് നയിക്കുന്നു. സ്നേഹമില്ലാത്ത ശക്തി ക്രൂരമാണ്. സ്നേഹമില്ലാത്ത ബഹുമാനം ഗർവ്വ് നിറഞ്ഞതായിരിക്കും. സ്നേഹമില്ലാത്ത വിശ്വാസം മതഭ്രാന്തിലേയ്ക്ക് നയിക്കും. സ്നേഹമില്ലാത്ത ജീവിതം അർത്ഥശൂന്യമായിരിക്കും." (ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ആത്മീയ പ്രബോധനങ്ങൾ-3 പേജ് 129). തന്നിൽ നിറഞ്ഞുനിന്നിരുന്ന ഉന്നത കാഴ്ചപ്പാടിൽനിന്നും ഉരുത്തിരിഞ്ഞ സൂക്തങ്ങളായിരുന്നു ഇതെല്ലാം. ഇന്ന് ഈ വാക്കുകൾക്ക് നമ്മിലൊരു സ്വാധീനശക്തിയുണ്ടെങ്കിൽ അതിനർത്ഥം അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ചയുടെ ഉറവിടം ദൈവമല്ലാതെ മറ്റാരുമല്ല എന്ന സത്യം തന്നെയാണ്. ഇവിടെ നാം വല്യച്ചനിലെ ദൈവീകഭാവത്തെ കണ്ടുമുട്ടുന്നു. രോഗികിടക്കുന്ന മുറി ചാപ്പലായും, രോഗിയുടെ കിടക്ക അൾത്താരയായും രോഗിയെ ഈശോയായും കാണണം എന്ന അദ്ദേഹത്തിന്റെ വാക്കുകൾ മാനുഷിക-ദൈവീകതലങ്ങളുടെ സമ്മേളനത്തിനാണ് സാക്ഷ്യമേകുന്നത്. ഇപ്രകാരം ഉയർന്ന കാഴ്ചപ്പാടുള്ളവരായി ജീവിതം വിജയമാക്കുവാൻ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് നമുക്ക് പ്രചോദനവും മാതൃകയുമാണ്.



# കാഴ്ചകളിലെ വീഴ്ചകൾ!

**ജോൺസൺ തോമസ്**
പത്രപ്രവർത്തകൻ, ദീപിക

**അ**രകിലോമീറ്റർ അകലെനിന്നേ പാട്ടു കേൾക്കാം, അതുകൊണ്ട് മരിച്ച വീട് എവിടെയാണെന്ന് ആരോടും ചോദിക്കേണ്ടി വന്നില്ല. വീട്ടിലേക്കു ചെന്നപ്പോൾ അത്യാവശ്യം ഒരു ഗാനമേളയ്ക്ക് ഉപയോഗിക്കാൻ ശേഷിയുള്ള ബോക്സും സംവിധാനങ്ങളുമൊക്കെയാണ് കൊണ്ടുവന്നു സ്ഥാപിച്ചിരിക്കുന്നത്. മുറ്റവും പറമ്പുമെല്ലാം നിറഞ്ഞ് കൂറ്റൻ പന്തൽ. വെയിലും ചൂടുമൊക്കെ ആയതിനാൽ അത് ആവശ്യവുമാണ്. എന്നാൽ, പന്തലിലെ അലങ്കാരങ്ങൾ കണ്ടപ്പോഴാണ് അന്തംവിട്ടത്. മരണവീട് ആയതുകൊണ്ടാവാം കറുപ്പും വെളുപ്പും കോമ്പിനേഷനിലുള്ള അലങ്കാരങ്ങളും വിതാനങ്ങളുമാണ്. പന്തലിന്റെ തൂണിനു പോലും അതേ നിറത്തിലുള്ള പൂക്കൾക്കൊണ്ട് അലങ്കാരം.

**അലങ്കാരങ്ങൾ**

മൃതദേഹം ഇറക്കി കിടത്താനുള്ള മേശ പല്ലക്കു പോലെ അലങ്കരിക്കപ്പെട്ടു കിടക്കുന്നു. പള്ളിയിലേക്കു മൃതദേഹം കൊണ്ടുപോകാനുള്ള പ്രത്യേക വാഹനത്തിൽ ഒന്നു രണ്ടു പേർ ചേർന്ന് കറുപ്പും വെളുപ്പും കോമ്പിനേഷനിൽ അലങ്കാരപ്പണികൾ നടത്തിക്കൊണ്ടിരിക്കുന്നു. മൃതദേഹം വച്ചിരിക്കുന്ന മുറിയിൽ വലിയ തിരക്ക്. അതിനിടയിൽ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാ



ഫർമാരും. തിക്കിത്തിരിക്കി അകത്തേക്കു കയറാൻ ബുദ്ധിമുട്ടുള്ളവർക്കായിട്ടാണെന്നു തോന്നുന്നു, പന്തലിൽ സ്ഥാപിച്ചിരിക്കുന്ന കൂറ്റൻ സ്ക്രീനിൽ മൃതദേഹം വച്ചിരിക്കുന്ന മുറിക്കുള്ളിൽ നടക്കുന്ന കാര്യങ്ങൾ തത്സമയം പ്രദർശിപ്പിക്കുന്നുണ്ട്. തിരക്കിൽ ഇടിച്ചുകയറാൻ മടിയുള്ളവർക്ക് സ്ക്രീനിൽ മൃതദേഹം കണ്ടു മടങ്ങാം! കൊണ്ടുവന്ന റീത്ത് സ്ക്രീനിൽ മുന്നിൽ വച്ചാൽ മതിയോ എന്തോ?

**ഒന്നിനും കുറവില്ലാതെ**

മരിച്ച അമ്മച്ചിക്ക് മക്കൾ ആറ്. ഒരാളൊഴിച്ച് എല്ലാവരും വിദേശത്ത് പല രാജ്യങ്ങളിൽ. നാട്ടിലുള്ള മകനാണ് കാര്യങ്ങളെല്ലാം ചെയ്യുന്നത്. മക്കളിൽ പലർക്കും ജോലിത്തിരക്കും ലീവുമൊക്കെ പ്രശ്നം ആയതിനാൽ സംസ്കാര ചടങ്ങിന് എത്തിച്ചേരാൻ കഴിയില്ല. ഗൾഫിലുള്ള പെങ്കൊച്ച് വരുമെന്ന് അറിയിച്ചിട്ടുണ്ട്. തങ്ങൾ

അവർ ചെയ്തോളും. പന്തലിന്റെ സൈസ് മുതൽ അമ്മച്ചിയെ അണിയിക്കുന്ന പുഷ്പമുടിയുടെ ഡിസൈൻ വരെ ഇവന്റുകാർ ചെയ്തോളും. അടുത്ത ബന്ധുക്കൾ സംസ്കാര സമയത്ത് എത്തരത്തിലുള്ള വേഷങ്ങൾ ധരിക്കണമെന്നു വരെ അവർ നിർദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്താലെ വീഡിയോയിലും ഫോട്ടോയിലുമൊക്കെ അത്യാകർഷകത്വവും വൃത്തിയും ഉണ്ടാവുകയുള്ളത്രേ. ഇടവക വികാരി കർശനക്കാരനായതുകൊണ്ടാണ്, അല്ലെങ്കിൽ നല്ല പാട്ടുകാരനായ ഒരു അച്ചനെ സംസ്കാര ചടങ്ങുകൾക്ക് എത്തിക്കാനും ഇവന്റുകാർക്കു പദ്ധതിയുണ്ടായിരുന്നു. വിദേശത്തുള്ള മക്കൾക്കു തത്സമയം കാണാൻ സംസ്കാരം ഇന്റർനെറ്റിലേക്കും കൊടുക്കുന്നുണ്ട്. ബാൻഡുമേളവും പാട്ടുസംഘവുമൊക്കെ ഇറക്കിയിട്ടുണ്ട്. അതായത് അമ്മച്ചിയെ കാണാൻ എത്തുന്നവർക്കു കാണാൻ ഒത്തിരി കാഴ്ചകൾ വീട്ടിലും പന്തലിലും പള്ളിയിലുമൊ



അവിടെ ഇല്ലെങ്കിലും അമ്മച്ചിയുടെ കാര്യത്തിൽ ഒന്നിനും ഒരു കുറവും വരുത്തരുതെന്നു മക്കൾ പ്രത്യേകം വിളിച്ചുപറഞ്ഞിട്ടുണ്ട്. കാശ് ഒരു പ്രശ്നമല്ലെന്നും പറഞ്ഞിട്ടുണ്ട്. നാട്ടുകാർ ഞെട്ടുന്ന സംസ്കാരം ആയിരിക്കണം അമ്മച്ചിയുടേത്, അത്ര തന്നെ. നാട്ടിലുള്ള മകൻ എല്ലാത്തിനും ഒറ്റയ്ക്ക് ഓടേണ്ടിവരുമെല്ലോർത്ത് വിഷമിക്കേണ്ട. ഓസ്ട്രേലിയയിലുള്ള രണ്ടാമത്തവൻ അമ്മച്ചിയുടെ മരണവാർത്ത അറിഞ്ഞ നിമിഷം തന്നെ ഓൺലൈൻ വഴി ബുക്ക് ചെയ്ത് ഇവന്റ് മാനേജ്മെന്റ് ടീമിനെ ഇറക്കിയിട്ടുണ്ട്, എല്ലാം

ക്കെയായി ഉണ്ടായിരുന്നു എന്നു ചുരുക്കം. മക്കളുടെ ഭാഷയിൽ പറഞ്ഞാൽ ഒന്നിനും ഒരു കുറവുമില്ലാതെ അമ്മച്ചി യാത്രയായി... എന്നാൽ, ഒരു കുറവുണ്ടായിരുന്നു, ഒരിക്കലും ഉണ്ടാകരുത് എന്ന് അമ്മച്ചി ആഗ്രഹിച്ച കുറവ്... സ്വന്തം മക്കളുടെ സാമീപ്യത്തിന്റെയും സാന്നിധ്യത്തിന്റെയും കുറവ്... പൊന്നുമക്കളുടെ ഒരു അന്ത്യ ചുംബനത്തിന്റെ കുറവ്!

**നല്ല കാഴ്ചകൾ**

ജീവിതത്തിൽ കാഴ്ചകൾ ഒരുക്കുന്നതിൽ മനുഷ്യൻ മത്സരിക്കുന്ന ഒരു കാലഘട്ടമാണിത്.

കാഴ്ചകളുടെ അതിപ്രസരത്തിൽ കാഴ്ചപ്പാടുകൾ എവിടെയോ ചോർന്നുപോകുന്നില്ലേ? കാഴ്ചപ്പാടുകളില്ലാത്ത കാഴ്ചകളുടെ എണ്ണം മനുഷ്യജീവിതത്തിൽ കൂടിവരികയാണ്. ജീവിതത്തെ മനോഹരമാക്കുന്നത് കാഴ്ചകളാണോ അതോ കാഴ്ചപ്പാടുകളാണോ? കാഴ്ചകളാണ് ജീവിതത്തെ രസകരവും സുന്ദരവുമാക്കുന്നതെന്ന് ഒറ്റനോട്ടത്തിൽ തോന്നാമെങ്കിലും കാഴ്ചപ്പാടുകളില്ലാത്ത കാഴ്ചകൾ വ്യർത്ഥമാണെന്ന് നമുക്കു ചുറ്റുമുള്ള കാഴ്ചകൾ തന്നെ നമ്മെ പഠിപ്പിക്കുന്നു. നല്ല കാഴ്ചകളൊരുക്കി നടത്തുന്ന കല്യാണമാമാങ്കങ്ങൾ നമുക്കിടയിൽ പെരുകിവരികയാണ്. പുതിയ കാഴ്ചകൾകൊണ്ടുവന്ന് ആളുകളെ വിസ്മയിപ്പിക്കാനുള്ള വെമ്പലാണ് എവിടെയും. പക്ഷേ, കാഴ്ചകൾക്കു മാത്രമേ ഒരുക്കമുണ്ടായിരുന്നുള്ളൂ, ആളുകൾക്ക് ഒരുക്കമില്ലായിരുന്നു എന്നു മാസങ്ങൾ മാത്രം ആയുസുള്ള വിവാഹജീവിതങ്ങൾ നിശബ്ദമായി നമ്മോടു വിളിച്ചുപറയുന്നു. കല്യാണത്തെക്കുറിച്ച് അവർക്കു കാഴ്ചകളുണ്ടായിരുന്നു, എന്നാൽ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നില്ല. ഫലമോ? മരണം വരെ നീളേണ്ട വിവാഹജീവിതം മകരംകൊണ്ട് അവസാനിക്കുന്നു. ജീവിതത്തിൽ കാഴ്ചകൾ വേണ്ടതാണ് പക്ഷേ, അവ കാഴ്ചപ്പാടുകളിൽ കെട്ടി ഉയർത്തുന്നവ ആയിരിക്കണം. അല്ലെങ്കിൽ നാമൊരുക്കുന്ന കാഴ്ചകളൊക്കെ വെറും കെട്ടുകാഴ്ചകളായി മാറും.

**കാഴ്ചപ്പാടുകൾ**

എങ്ങനെയാണ് നല്ല കാഴ്ചപ്പാടുകൾ രൂപപ്പെടുന്നത്..? ഓരോ വ്യക്തിയുടെയും മൂല്യബോധത്തിൽനിന്നു രൂപംകൊള്ളേണ്ടവയാണ് അവ. മൂല്യബോധത്തിൽ വളരുന്ന വ്യക്തിയിൽ ആരും പറയാതെതന്നെ നല്ല കാഴ്ചപ്പാടുകൾ ഉൾച്ചേർന്നിരിക്കും. അവരുടെ പെരുമാറ്റത്തിലും പ്രവൃത്തിയിലും വാക്കുകളിലും അതു പ്രതിഫലിക്കുകയുംചെയ്യും. മൂല്യബോധമാണ് കാഴ്ചപ്പാടുകളുടെ അടിസ്ഥാന ശില. സമ്പന്നനായിരിക്കുക, ബുദ്ധിമാനായിരിക്കുക, നേതാവായിരിക്കുക... എന്നിങ്ങനെ എല്ലാം നല്ലതാണ് എന്നാൽ, ഏറ്റവും പ്രധാനം നല്ല വ്യക്തിയായിരിക്കുക എന്നതുതന്നെ. നല്ല വ്യക്തികളെ രൂപപ്പെടുത്തുന്ന സർവകലാശാലകളായിരിക്കണം കുടുംബങ്ങൾ. അതിനു കുടുംബങ്ങളെ സഹായിക്കാനുള്ള ദൗത്യമാണ് മതസംവിധാനങ്ങളും മതാധ്യാപകരും പുരോഹിതരുമൊക്കെ നിർവഹിക്കേണ്ടത്. നല്ല കാഴ്ചപ്പാടുകളുള്ള വ്യക്തികൾ രൂപപ്പെടാൻ നല്ല കുടുംബാന്തരീക്ഷം വളർത്തിയെടുക്കേണ്ടത് അനുപേക്ഷണീയമാണ്. ഏറ്റവും വലിയ വേദപാഠശാല നമ്മുടെ കുടുംബമാണ്. മക്കൾക്കു മുന്നിൽ പാഠപുസ്തകങ്ങളാകാൻ വിളിക്കപ്പെട്ടവരാണ് മാതാപിതാക്കൾ. മക്കളുടെ പാഠപുസ്തകമാണ് ഞാനെന്ന ബോധ്യം ഓരോ രക്ഷാകർത്താവിനും ഉണ്ടെങ്കിൽ കുടുംബാന്തരീക്ഷത്തിൽ അത് വലിയ മാറ്റങ്ങൾ വരുത്തും. മക്കളുടെ മനസിൽ മൂല്യബോധം വേരുറയ്ക്കും. മക്കളെ സന്മാർഗവും മൂല്യബോധവും പഠിപ്പിക്കേണ്ടത് മതാധികാരികളുടെയോ അധ്യാപകരുടെയോ ഒക്കെ ഉത്തരവാദിത്വമാണെന്ന് ഏതെങ്കിലും രക്ഷിതാവ് തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അവിടെ പ്രശ്നങ്ങൾക്കു തുടക്കമാകും. അവർക്കു നമ്മെ സഹായിക്കാനേ കഴിയൂ, ദൗത്യം നിർവഹിക്കേണ്ടത് നാം തന്നെയാണ്.

മാതാപിതാക്കൾ നല്ല പാഠപുസ്തകങ്ങളാകുമ്പോൾ മൂല്യബോധവും അതുവഴി കാഴ്ചപ്പാടുകളുമുള്ള തലമുറ നമ്മുടെ നാട്ടിൽ വളർന്നുവരും. നൂറു കെട്ടിടങ്ങൾ പടുത്തുയർത്തുന്നതിനേക്കാൾ മഹത്തര കാര്യമാണ് നല്ലൊരു വ്യക്തിയെ പടുത്തുയർത്തുകയെന്നത്. ആ ദൗത്യം ഇന്നത്തെ തലമുറ ഏറ്റെടുക്കുമ്പോൾ കാഴ്ചകളേക്കാൾ കാഴ്ചപ്പാടുകൾക്കു പ്രാധാന്യം കൊടുക്കുന്ന പുതുതലമുറ നമുക്കു മുന്നിൽ വളർന്നുവരും. കാഴ്ചകളുടെ ചിട്ടവട്ടങ്ങൾക്കുമപ്പുറം കാഴ്ചപ്പാടുകളുടെ ആഴവും പരപ്പും നമ്മുടെ ജീവിതത്തെ കൂടുതൽ മനോഹരമാക്കി മാറ്റട്ടെ.

താൻ ഒരിക്കലും
അതിന്റെ തണലിൽ
ഇരിക്കാൻ പോകുന്നില്ല
എന്നറിഞ്ഞുകൊണ്ടു തന്നെ
ഒരാൾ ഒരു മരം നടുമ്പോൾ അതിനർത്ഥം ജീവിതം എന്നാൽ എന്താണെന്ന് അയാൾക്ക് മനസ്സിലായി
തുടങ്ങിയിരിക്കുന്നു
എന്നാണ്.
- ടാഗോർ






# ഉലയുന്ന വിശ്വാസം

**ബ്രദർ. അഷേർ മാത്യു** MSFS

ഭഗവത്ഗീതയിലെ പതിനേഴാം അദ്ധ്യായത്തിൽ മൂന്നാം വൃത്തപാദം സൂചിപ്പിക്കുന്നത്, മനുഷ്യന്റെ അസ്ഥിത്വം നിലനിൽക്കുന്നത് വിശ്വാസത്തിലൂടെയെന്നാണ്. എല്ലാ മനുഷ്യരുടെയും മനസിനെ വെളിപ്പെടുത്തുന്ന ഒരു ഘടകമാണ് വിശ്വസം. ജീവിക്കാൻ വായു നിർണായകമാകുന്നതുപോലെ മനുഷ്യന്റെ ധാർമ്മികബോധത്തെ ഉത്തേജിപ്പിക്കുകയും സ്വതന്ത്രബോധം വളർത്തുകയും സ്വയം അച്ചടക്കം പരിപോഷിപ്പിക്കുകയും ചെയ്യുവാൻ വിശ്വാസം എന്ന ആത്മീയ ജീവവായു ആവശ്യമാണ്. ഈ വിശ്വാസത്തെ പലരീതിയിൽ വീക്ഷിക്കാൻ സാധിക്കും.

ക്രൈസ്തവരായി ജീവിക്കാൻ വിളിക്കപ്പെട്ട നാമോരോരുത്തരിലും ഈ വിശ്വാസം അഗ്നിജ്വാല എന്നപോലെ ചലനാത്മകമാണ്. പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിലൂടെ വിശ്വാസത്തെ നിർവചിക്കുന്നുണ്ട്. പൂർവ്വപിതാക്കന്മാർ ദൈവസന്നിധിയിൽ അംഗീകരിക്കപ്പെട്ടതും ഈ വിശ്വാസത്തിലൂടെയാണ്. നൂറ്റാണ്ടുകൾക്ക് ശേഷവും അവരിലൂടെ ലഭിച്ച ഈ പാരമ്പര്യ വിശ്വാസം ഇന്നും അനുകരിക്കപ്പെടുന്നുണ്ട്. എന്നാൽ ശരിക്കും വിശ്വാസത്തിന്റെ വിവിധ അർത്ഥതലങ്ങൾ ഉൾക്കൊള്ളുവാനോ, കാഴ്ചപ്പാടുകളെ മനസ്സിലാക്കുവാനോ ഇന്നത്തെ തലമുറയ്ക്ക് സാധിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഓരോ കാലഘട്ടങ്ങൾക്കനുസരിച്ച് വിശ്വാസത്തോടുള്ള കാഴ്ചപ്പാടുകൾ വ്യത്യ

സ്തൃമായിക്കൊണ്ടിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലും വിശ്വാസത്തോടുള്ള കാഴ്ചയും കാഴ്ചപ്പാടും ഓരോ മനുഷ്യനെയും അവനറിയാതെ അലട്ടുന്നുണ്ട്. തന്റെ മാതാപിതാക്കളെ സ്നേഹിക്കുകയും അവരുടെ വിശ്വാസം നിലനിർത്തുകയും ചെയ്യുന്നവരായിരുന്നു പൂർവ്വികർ. എന്നാൽ ഇന്നിന്റെ തലമുറ, മാതാപിതാക്കൾ തന്റെ സ്വന്തം തന്നെയാണോ എന്നറിയുവാൻ സങ്കേതിക സഹായം തേടുന്നു. വിശ്വാസമെന്ന മൂലക്കല്ല് ഇന്ന് നിസാര ഘടകമായി മാറുകയാണ്. ജീവിതത്തിൽ കണ്ടുവരുന്ന ഓരോ പ്രതിസന്ധികളിൽ നമ്മെ വിശ്വസിപ്പിക്കുന്നതും നാം വിശ്വസിക്കുന്നതും വ്യത്യസ്തമായ കാഴ്ചപ്പാടിൽനിന്നുണ്ടാകുന്ന വിശ്വാസമാണ്.

ആഗോള കത്തോലിക്കാ സഭ അനേകം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. പാരമ്പര്യത്തിലൂടെ പിച്ചവച്ച് വളർന്നുവന്ന സഭയിലെ അനേകം വിശ്വാസികൾ, സഭയ്ക്ക് ഒരിക്കലും തെറ്റുപറ്റില്ലെന്ന് വിശ്വസിച്ച് മുന്നോട്ടുനീങ്ങുമ്പോൾ, സഭയിലെതന്നെ ഉന്നതർക്ക് മാനുഷികപിഴവുകൾ സംഭവിക്കുന്നതു ആ വിശ്വാസം പരീക്ഷണവിധേയമാകുന്നു. വിശ്വാസത്തിന്റെ കാഴ്ചപ്പാടുകൾ വ്യതിചലിക്കപ്പെടുന്നു.

എന്നാൽ ഇവയെല്ലാം വിശ്വസിക്കേണ്ടത് ദിവ്യാനുഭവത്താലും കത്തോലിക്കാ വിശ്വാസത്താലും ദൈവവചനത്താലുമാണ് എന്നാണ് മതബോധന ഗ്രന്ഥം 750 –ാം ഖണ്ഡിക നമ്മളെ പഠിപ്പിക്കുന്നത്. ചെയ്യുന്ന ഓരോ പ്രവൃത്തിക്ക് പിന്നിലും വ്യത്യസ്തമായ വിശ്വാസങ്ങളുണ്ട്. ഈ വിശ്വാസങ്ങളിലെ കാഴ്ചപ്പാടുകൾ മറ്റുള്ളവരുടെ വിശ്വാസത്തിന്റെ കാഴ്ചപ്പാടുകളോട് ചേർന്ന് സമത്വം സംഭവിക്കുമ്പോഴാണ് യഥാർത്ഥമായ വിശ്വാസത്തിന്റെ പ്രതിഫലം ലഭിക്കുക.

അതിനാൽ വഴികൾ പലതാണെങ്കിലും സത്യം ഒന്നുതന്നെ എന്നുള്ള ബോധ്യത്തോടെ ലോകം മുഴുവനെയും യഥാർത്ഥ വിശ്വാസത്തിലേയ്ക്ക് നയിക്കാം. – ''ഏകം സത് വിപ്രാ ബഹുധാ വദന്തി''

## ഉപകാരസ്മരണ

എന്റെ കുഞ്ഞിന് കടുത്ത പനിയും ശ്വാസം മുട്ടലുമായി ആശുപത്രിയിൽ എത്തിയപ്പോൾ കുഞ്ഞിനെ അഡ്മിറ്റാക്കാൻ ഡോക്ടർ നിർദ്ദേശിച്ചു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ അടുക്കലെത്തി പ്രാർത്ഥിച്ചതിന്റെ ഫലമായി പിറ്റേദിവസം പൂർണ്ണ സൗഖ്യം ലഭിച്ചു. അഡ്മിറ്റാകേണ്ടതായും വന്നില്ല. ദൈവദാസൻ വഴി ദൈവം നൽകിയ ഈ അത്ഭുത സൗഖ്യത്തിന് ദൈവത്തോട് നന്ദി പറയുന്നു.

റീന അജി, കരിവേലിൽ, വെള്ളയാംകുടി

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ സഹായം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി വർഷങ്ങളായി പൂർത്തിയാക്കാൻ സാധിക്കാതെ കിടന്ന ഞങ്ങളുടെ വീടിന്റെ പണി പൂർത്തിയായി. ഒരു ജോലിക്ക് വേണ്ടി വല്യച്ചനോട് മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചതിനു ഫലമായി ജോലിയും ലഭിച്ചു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് വഴിയായി നൽകിയ വലിയ ദൈവാനുഗ്രഹത്തിന് അവിടുത്തോട് നന്ദി പറയുന്നു.

ഷാരോൺ ജോസഫ്, കൽത്തൊട്ടി



# സ്നേഹിക്കണം പ്രകൃതിയെ

ഫാ. റോബിൻ പുതക്കുഴി എം.സി.ബി.എസ്

ധാരാളം മരങ്ങളും പാറക്കൂട്ടങ്ങളും തോടും നിറഞ്ഞ ചുറ്റുപാടിൽ മൺകട്ടകെട്ടി പുല്ലുമേഞ്ഞ് ചാണകം മെഴുകിയ വീട്ടിൽ കുട്ടിക്കാലം ചിലവഴിക്കാൻ ഭാഗ്യം കിട്ടിയതിന്റെ അഹങ്കാരംകൊണ്ട് ചിലതൊക്കെ പറയണമെന്ന് തോന്നുന്നു. പ്രകൃതി പഠിപ്പിച്ച ഒരുപാട് കാര്യങ്ങളുണ്ട്. ഞാവൽപ്പഴത്തിന് കറയുണ്ടെന്ന് പഠിച്ചത്, വികാരിയച്ചൻ കാണാതെ പള്ളിമുറ്റത്തെ മരത്തിൽനിന്ന് പഴം പറിച്ച് ക്രീംകളർ യൂണിഫോം ഷർട്ടിന്റെ പോക്കറ്റിലിട്ട് വീട്ടിലെത്തി തല്ലുവാങ്ങിയപ്പോഴാണ്. മഴക്കാലത്ത് തോട്ടിലിറങ്ങി കുട കൊണ്ട് മീൻ പിടിക്കാൻ നോക്കിയാൽ കുടയും ചെരുപ്പും ഒഴുകിപോകുമെന്ന് അനുഭവം പഠിപ്പിച്ചു. തേനിന് മധുരമുണ്ടെന്ന് അറിയാമെങ്കിലും തേനീച്ച കുത്തിയാലുണ്ടാകുന്ന വേദന അതിനെ കയ്യാല മാന്തി തോണ്ടിയെടുക്കാൻ ശ്രമിച്ചപ്പോൾ മനസ്സിലായി. പൂവൻകോഴിമാത്രമല്ല പിടക്കോഴിയും കൊത്തുമെന്ന് അതിന്റെ കുഞ്ഞിനെ പിടിക്കാൻ ചെന്നപ്പോൾ പഠിച്ചു. ഡിജിറ്റൽ ക്ലാസ്മുറിയിലിരുന്ന് പഠിച്ചതിനേക്കാൾ ഒരുപാട് ഞാൻ പഠിച്ചത് പ്രകൃതിയിൽനിന്നാണ്. പ്രകൃതി അമ്മയാണ്, അദ്ധ്യാപികയാണ്. പ്രകൃതിയില്ലെങ്കിൽ മനുഷ്യനില്ല എന്ന യാഥാർത്ഥ്യം നാം മറന്നുപോയതിന്റെ ഫലം ഇന്ന് അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. ഇന്നത്തെ മലയാളപത്രത്തിന്റെ ചരമ പേജ് എടുത്തുനോക്കി. 62 ചരമവാർത്തക



ളുണ്ടായിരുന്നു. അതിൽ മൂന്നിൽ രണ്ട് ഭാഗം ആളുകളും 65 വയസ്സ് തികയാത്തവർ, അമ്പത് തികച്ചവർ വിരലിലെണ്ണാൻ മാത്രം. ഒരു കാര്യം വ്യക്തം. ആരോഗ്യമുള്ള അമ്മയ്ക്കേ ആരോഗ്യമുള്ള കുഞ്ഞിനെ നൽകാനാവൂ. പ്രകൃതിയെന്ന അമ്മയുടെ ആരോഗ്യം ക്ഷയിച്ചിരിക്കുന്നു എന്നതിന്റെ തെളിവല്ലേ മനുഷ്യന്റെ ആയുസ്സ് കുറഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യം.

കാക്കയെയും പ്രാവിനേയും കൂട്ടിൽ വളർത്തുന്ന ലൗബേഡ്സിനെയും അല്ലാതെ മറ്റു പക്ഷികളെ നേരിട്ട് കണ്ടിട്ടുള്ള എത്ര കുട്ടികളുണ്ട് പുതിയ തലമുറയിൽ? അണ്ണാനെയും മരപ്പട്ടിയെയും കീരിയെയും മൃഗശാലയിൽപോയി കാണേണ്ട അവസ്ഥയായില്ലേ? പ്രഭാതത്തിലെ കുയിൽനാദവും ഇരട്ടവാലനും പച്ചിലക്കുടുക്കയും, കുരുവിയും മൈനയുമൊക്കെ എവിടെപോയി? നമ്മുടെ പറമ്പിലും തൊടിയിലും ജീവിച്ചിരുന്ന ഇവരുടെ വേർപാട് നമ്മൾ അറിഞ്ഞതുപോലുമില്ല. നമ്മുടെ സൗകര്യങ്ങൾക്കും ആർഭാടങ്ങൾക്കുമായി നിരുപദ്രവകാരികളായ ജീവികളെയും പുഴകളെയും മരങ്ങളെയും നമ്മൾതന്നെ ഒഴിവാക്കുകയായിരുന്നു. മറ്റൊർത്ഥത്തിൽ, നമ്മുടെ ചില ജീവിതരീതികളോട് പൊരുത്തപ്പെടാൻ സാധിക്കാതെ അവ നമ്മെ വിട്ട് പോയി. നൂതന കൃഷിരീതികളും അശാസ്ത്രീയ നിർമ്മാണ ചെയ്തികളും സാങ്കേതിക വിദ്യയുടെ ദുരുപയോഗവുമാണ് പ്രകൃതിയെ നശിപ്പിച്ചത്. ഭൂമിയുടെ ഘടനപോലും വ്യത്യാസപ്പെടുത്തിയും കയ്യേറ്റ കൃഷിരീതികളും രാസവസ്തുക്കളുടെ അമിത ഉപയോഗവുമെല്ലാം ആവാസവ്യവസ്ഥയെ തകിടം മറിച്ചു. ഒഴുകിക്കൊണ്ടിരുന്ന പുഴയെ മനുഷ്യന്റെ ഇഷ്ട വഴിയെ ഒഴുക്കാൻ ശ്രമിച്ചപ്പോൾ അവയും വറ്റിവരണ്ടു. കോൺക്രീറ്റും ടാറും കൊണ്ട് ആവരണമുണ്ടാക്കി മണ്ണിലെ ജലാംശവും വായുസഞ്ചാരവും വേരോട്ടവും നമ്മൾ തടഞ്ഞു. ഫാക്ടറികളും ഫ്ളാറ്റുകളും മൊബൈൽ ടവറുകളുമൊക്കെ ചേർന്ന് പച്ചപ്പിനെ ഒരുമൂലയിലേക്ക് ഒതുക്കി. പ്ലാസ്റ്റിക്കും രാസമാലിന്യവും നിമിത്തം മണ്ണും ജലവും വായുവും മലിനമാക്കി.



പ്രകൃതിയാണ് യഥാർത്ഥ സമ്പത്തെന്നു തിരിച്ചറിയാതെയാണ് അതിനെ ബലികൊടുത്ത് ചിതലരിച്ചാൽ തീരുന്ന ധനം മക്കൾക്കായി സമ്പാദിച്ചുകൂട്ടുന്നത്. ചക്കയും മാങ്ങയും കഴിക്കുമ്പോൾ ഒന്ന് ഓർത്തുനോക്കുക ഇത് ഞാൻ നട്ടവയുടെ ഫലമാണോ എന്ന്. 99% വും അത് അപ്പനപ്പൂപ്പന്മാരുടെ അദ്ധ്വാനമായിരിക്കും. മൂന്ന് മാസം കൊണ്ട് കായ്ക്കും എന്ന് പറഞ്ഞ് ഞാൻ മേടിച്ചുനട്ട മാവും പ്ലാവും വർഷങ്ങൾ കഴിഞ്ഞിട്ടും പൂക്കാതെ മരമാകാതെ മുറ്റത്ത് നിൽക്കുന്നുണ്ട്. എന്നും രാവിലെ ഇല തൂത്തുവാരാം എന്നല്ലാതെ വിറകിനുപോലും ഉപകാര

മില്ല. തങ്ങൾ നടുന്ന മരത്തിന്റെ ഫലം ഈ ആയുസ്സിൽ ലഭിക്കില്ല എന്ന ബോധ്യമുണ്ടായിട്ടും അവ കാരണവന്മാർ നട്ടുവളർത്തിയത് വരും തലമുറയ്ക്കുവേണ്ടിയാണ്. നമ്മൾ നടുന്ന ഹൈബ്രിഡ് മരത്തിന്റെ തടി ശവപ്പെട്ടിപോലും ഉണ്ടാക്കാൻ കൊള്ളില്ല എന്നതാണ് വസ്തുത. സാങ്കേതിക വിദ്യ വളരുന്നതുപോലെ മനുഷ്യന്റെ ബുദ്ധി വളരുന്നു; പ്രകൃതി ചുരുങ്ങുന്നതുപോലെ മനുഷ്യന്റെ ഹൃദയവും! മനുഷ്യൻ മാറി ചിന്തിക്കേണ്ടിയിരിക്കുന്നു. ആദ്യം കണ്ണുതുറക്കേണ്ടത് അധികാരികളാണ്. പരിസ്ഥിതി സംരക്ഷണ നിയമം പാസാക്കിയാൽ പോരാ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കണം. അധികാരത്തിനും സമ്പത്തിനുമായി അധികാരികൾതന്നെ പ്രകൃതിയെ കുരുതികഴിക്കുന്നത് പരസ്യമായ രഹസ്യമാണ്. പരിസ്ഥിതി സംരക്ഷണം കൃഷിക്കാരുടെ ചുമതലയായി ചുരുങ്ങാൻ പാടില്ല.

ഒരിക്കൽ ശ്വാസംമുട്ടലുണ്ടായി ഓക്സിജൻ സിലിണ്ടറുംവെച്ച് ഒരാഴ്ച ആശുപത്രിയിൽ കിടന്നാൽ മനസ്സിലാകും പ്രകൃതി സൗജന്യമായി നൽകുന്ന ശുദ്ധവായുവിന്റെ വില. ദാനമായി ലഭിക്കുന്നവയ്ക്ക് മൂല്യമുണ്ടെന്ന് മനസ്സിലാക്കിയാൽ നന്ന്.

---

# പല്ലിയിൽ നിന്നും പാഠം പഠിക്കുക

യുവതിയെയും അമ്മയെയും തീ കൊളുത്തി യുവാവ് ആത്മഹത്യചെയ്ത സംഭവം പത്രത്തിൽ വായിച്ചു. മനുഷ്യൻ എത്രമാത്രം സ്വാർത്ഥരായിരിക്കുന്നു എന്നുറക്കെ പറയുന്നതാണ് ഇന്ന് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന എല്ലാ വാർത്തകളും. അപ്പോഴാണ് സ്നേഹിതൻ അയച്ചു തന്ന ഒരു കഥ ഓർമ്മയിൽ വന്നത്. ആ കഥ ഇങ്ങനെയാണ്.

ഒരു ജാപ്പനീസ് ഭവനം പൊളിച്ചു പണിയുന്നതിന്റെ ഭാഗമായി ജോലിക്കാർ ഒരു മുറിയുടെ ഭിത്തി പൊളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജപ്പാനിലെ വീടുകളുടെ മരംകൊണ്ടുള്ള ഭിത്തികൾക്കിടയിൽ ചൂടും തണുപ്പും നിയന്ത്രിക്കാനായി പൊള്ളയായ കുറച്ച് ഭാഗമുണ്ടായിരിക്കും. ഭിത്തി പൊളിച്ചു കൊണ്ടിരുന്ന ജോലിക്കാരൻ ആ കാഴ്ചകണ്ട് ഒരു നിമിഷം ശ്രദ്ധിച്ചു. കാലിൽ ആണി തുളച്ചുകയറിയതിനാൽ ഭിത്തിയിൽ കുടുങ്ങിപ്പോയ പല്ലി.

അയാൾക്ക് സഹതാപം തോന്നി, അതിനെ രക്ഷിക്കാൻ ആലോചിക്കുന്ന സമയത്താണ് അഞ്ചു വർഷം മുമ്പ് പണിത സമയത്ത് ഭിത്തിയിൽ അടിച്ചുകയറ്റിയ ആണിയായിരുന്നല്ലോ അതെന്നോർത്തത്!

എന്ത്? നീണ്ട അഞ്ചുവർഷങ്ങൾ ഇരുണ്ട ഈ ഭിത്തികൾക്കിടയിൽ കുരുങ്ങിയ കാൽ അനക്കാനാവാതെ ഇതേ അവസ്ഥയിൽ ഈ പല്ലി ജീവിച്ചിരുന്നോ അവിശ്വസനീയം!! പല്ലിയുടെ ആശ്ചര്യകരമായ അതിജീവനത്തിന്റെ രഹസ്യമറിയുവാനായി അയാൾ ജോലി നിർത്തി പല്ലിയെത്തന്നെ നിരീക്ഷിച്ചു.

കുറേ സമയം കഴിഞ്ഞപ്പോൾ എവിടെനിന്നെന്നറിയാതെ മറ്റൊരു പല്ലി പ്രത്യക്ഷപ്പെട്ടു. അതിന്റെ വായിൽ കുറച്ചു ഭക്ഷണമുണ്ടായിരുന്നു. വന്ന പല്ലി വായിൽ കരുതിയിരുന്ന ഭക്ഷണം കാൽകുരുങ്ങിയ പല്ലിക്ക് നൽകി. ''ആഹ്!'' വികാരവിക്ഷോഭത്താൽ അയാളൊരു നിമിഷം പല്ലിയെപ്പോലെ പുളഞ്ഞുപോയി.

കേവലം നിസ്സാരനായ ഒരു പല്ലി, ആണിയിൽ കാൽ കുടുങ്ങി അനങ്ങാനാവാത്ത രക്ഷപ്പെടുമെന്നു യാതൊരു പ്രതീക്ഷയുമില്ലാത്ത മറ്റൊരു പല്ലിക്കുവേണ്ടി നീണ്ട അഞ്ചുവർഷങ്ങൾ ഒരു ദിവസംപോലും മുടങ്ങാതെ ഭക്ഷണം കൊണ്ടുവന്നു നൽകുന്നു.

സവിശേഷ ബുദ്ധിയോടെ സൃഷ്ടിക്കപ്പെട്ടു എന്നഹങ്കരിക്കുന്ന മനുഷ്യനുപോലും സാധിക്കാത്ത ഒരു മനസോ നിസാരമെന്നു കരുതുന്ന ഈ കൊച്ചു ജീവിക്ക്?

മാറാരോഗിയായ പങ്കാളിയെയും കുഞ്ഞുങ്ങളെയും ഉപേക്ഷിക്കുന്ന മനുഷ്യരുള്ള ഇക്കാലത്ത് നിസാരനായ ഒരു പല്ലിയുടെ നിസ്വാർത്ഥതമായ സ്നേഹം ഒരു പാഠമാക്കേണ്ടതാണ്. ലോകം മുഴുവനും നിങ്ങളുടെ കാൽക്കീഴിലായിക്കാം, പക്ഷേ അവരുടെ ലോകമെന്നത് നിങ്ങൾ മാത്രമായിരിക്കും!

കടപ്പാട് - സൺഡേ ശാലോം



# ഗതി മാറുന്ന ഇന്ത്യൻ ജനാധിപത്യം

**പ്രൊഫ. റോണി കെ. ബേബി**
രാഷ്ട്രതന്ത്ര ശാസ്ത്ര വിഭാഗം, എസ്.ഡി കോളേജ് കാഞ്ഞിരപ്പള്ളി

രാഷ്ട്രീയത്തെക്കുറിച്ച് നിരവധി വീക്ഷണങ്ങളും കാഴ്ചപ്പാടുകളും നിലവിൽ ഉണ്ടെങ്കിലും അതിൽ പ്രബലമായ രണ്ടു സമീപനങ്ങൾ ഗാന്ധിയുടെയും മാകൃവെല്ലിയുടെയുമാണ്. "ധാർമ്മികമായി എന്ത് ശരിയാണോ അത് രാഷ്ട്രീയമായും ശരിയാണ്" (What is Morally Right Shall be Politically Right) എന്ന് ഗാന്ധി അഭിപ്രായപ്പെടുമ്പോൾ "ധാർമ്മികമായി ശരിയായത് രാഷ്ട്രീയമായി ശരിയാകണം എന്നില്ല" (What is Morally Right Shall Not be Politically Right) എന്നാണ് മാക്യവല്ലി പറയുന്നത്. ഇവിടെ മാക്യവല്ലിയൻ സമീപനം ചേർന്നുനിൽക്കുന്നത് കൗടല്യന്റെ ചിന്തകളോടാണ്. ഏറെ കാറും കോളും നിറഞ്ഞിരുന്ന തിരഞ്ഞെടുപ്പ് യുദ്ധം അവസാനിച്ച് ഫലപ്രഖ്യാപനവും കഴിഞ്ഞ് പുതിയ സർക്കാർ രൂപീകരിക്കപ്പെട്ട സാഹചര്യത്തിൽ ഇന്ത്യയിലെ ജനാധിപത്യത്തെക്കുറിച്ച് തോന്നുന്നതും മാക്യവല്ലി പറഞ്ഞ വാക്കുകൾ തികച്ചും അന്വർത്ഥമാണ്.



രണ്ടു മാസത്തോളം നീണ്ട തിരഞ്ഞെടുപ്പ് പോരാട്ടത്തിലെ പ്രചാരണ തന്ത്രങ്ങൾ വിലയിരുത്തിക്കൊണ്ട് മുതിർന്ന രാഷ്ട്രീയ നേതാവായ സുബ്രഹ്മണ്യം സ്വാമി പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ് . "ഭരണത്തിലെ വീഴ്ചകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയത കൊണ്ട് മറികടന്നു" എന്ന പ്രസക്തമായ നിരീക്ഷണമാണ് അദ്ദേഹം നടത്തിയത്. കൂടാതെ "രാജ്യം ഏകാധിപത്യത്തിലേക്കു പോകാതിരിക്കാനുള്ള മുൻകരുതൽ ഉണ്ടാകണം" എന്നും സുബ്രഹ്മണ്യം സ്വാമി കൂട്ടിച്ചേർത്തിട്ടുണ്ട്.


കഴിഞ്ഞ നാലര വർഷം രാജ്യം ചർച്ച ചെയ്ത ഗുരുതര വിഷയങ്ങൾ ഒന്നും തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ചർച്ചയായില്ല. നോട്ടു പിൻവലിക്കൽ, കർഷക ആത്മഹത്യകളും കാർഷിക മേഖല നേരിടുന്ന ഗുരുതര പ്രതിസന്ധികളും, ഇരുപത്തിയഞ്ചു വർഷത്തെ ഏറ്റവും ഉയർന്ന നിലയിലേയ്ക്ക് കുതിച്ചെത്തിയ തൊഴിലില്ലായ്മാ ഗ്രാഫ്, ഭരണഘടനാ സ്ഥാപനങ്ങളിലെ കടന്നുകയറ്റവും മൂല്യച്യുതിയും, ന്യൂനപക്ഷ ദളിത് വിരുദ്ധ നിലപാടുകൾ, മുതലാളിത്ത പ്രീണന നയങ്ങൾ, റഫാൽ ഉൾപ്പടെയുള്ള അഴിമതി ആരോപണങ്ങൾ തുടങ്ങി ഈ നാട്ടിലുണ്ടായിരുന്ന സജീവ ചർച്ചാവിഷയങ്ങൾ എല്ലാം വളരെ ബോധപൂർവ്വം അജണ്ട നിശ്ചയിച്ചു നടപ്പിലാക്കിയ അതിവൈകാരിക വിഷയങ്ങളുടെ കുത്തൊഴുക്കിൽ അപ്രസക്തമായി. കഴിഞ്ഞ അഞ്ചുവർഷം ഭരണതലത്തിൽ ഉണ്ടായ വീഴ്ചകൾ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ചർച്ച ആകാതിരിക്കാൻ വളരെ കൃത്യമായ മുന്നൊരുക്കങ്ങൾ അധികാര കേന്ദ്രങ്ങളിൽ നടത്തിയെന്ന്

ആരെങ്കിലും കരുതിയാൽ, അതു തെറ്റെന്നു പറയാനാകില്ല.

പക്ഷപാതത്തോടെ പ്രവർത്തിക്കുന്നു എന്ന ആരോപണം പല തവണ കേട്ട തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച വിവിധ ഘട്ടങ്ങളിലെ തെരഞ്ഞെടുപ്പ് സമയക്രമത്തിൽപോലും ഇതിനുള്ള ജാഗ്രത ഉണ്ടായി. ഭരണകക്ഷിക്ക് നിർണ്ണായക സ്വാധീനവും, വിജയസാധ്യതയുള്ളതുമായ മണ്ഡലങ്ങളിലേക്ക് അവസാന ഘട്ടങ്ങളിൽ തെരഞ്ഞെടുപ്പ് നിശ്ചയിക്കുക വഴി, തീവ്ര വൈകാരിക വിഷയങ്ങൾ ഉയർത്തി ഘട്ടം ഘട്ടമായി തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മേൽക്കൈ നേടി ഭരണവിരുദ്ധ വികാരം മറികടക്കുക എന്ന തന്ത്രമായിരുന്നു. ഈ തന്ത്രം വിജയിച്ചു എന്ന് തന്നെയാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിക്കുന്നത്. അവസാനത്തെ രണ്ടു ഘട്ടങ്ങളിലേക്കു തെരഞ്ഞെടുപ്പ് കടന്നപ്പോൾ മുഖ്യ എതിരാളികളായ കോൺഗ്രസ്സും രാഹുൽ ഗാന്ധിയും ചിത്രത്തിൽപോലും ഇല്ലായിരുന്നു. അവസാന ഘട്ടങ്ങളിൽ ബംഗാളിൽ മമതയും, യു പിയിൽ മായാവതിയുമാണ് മോദിയെ നേരിട്ടത് .

ഓരോ ഘട്ടങ്ങളിലും തെരഞ്ഞെടുപ്പ് വിഷയങ്ങൾ മാറി മാറി പരീക്ഷിക്കപ്പെട്ടുവെന്ന പ്രത്യേകതകൂടി ഇക്കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിന് ഉണ്ട്. പുൽവാമ ഭീകരാക്രമണവും ബാലാക്കോട്ടിൽ നടത്തിയ തിരിച്ചടിയും ആദ്യ ഘട്ടത്തിൽ ഭരണകക്ഷി ഉയർത്തി കാട്ടിയപ്പോൾ തൊഴിലില്ലായ്മയും ഭരണപരാജയങ്ങളും ആയിരുന്നു പ്രതിപക്ഷ ആയുധങ്ങൾ. തുടർന്നുള്ള മൂന്നു ഘട്ടങ്ങളിൽ ദേശസുരക്ഷയും, ദേശീയതയും ഹിന്ദുത്വ നിലപാടുകളും വിഷയനായപ്പോൾ പ്രതിപക്ഷം ആദ്യ ഘട്ടത്തിൽ ഉയർത്തിയ പ്രചരണ വിഷയങ്ങളിൽ ഉറച്ചുനിന്നു. തെരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ടത്തിലേക്ക് കടന്നപ്പോൾ അപ്രതീക്ഷിതമായി മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്കെതിരായ കടന്നാക്രമണവുമായി പോരാട്ടത്തിന്റെ പുതിയ പോർമുഖം പ്രധാനമന്ത്രിതന്നെ തുറന്നു. രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച മുൻ പ്രധാനമന്ത്രിയെ വളരെ തരം താണരീതിയിൽ വ്യക്തിഹത്യ നടത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നു എന്ന വിശകലനങ്ങളാണ് പിന്നീട് രാഷ്ട്രീയ കേന്ദ്രങ്ങളിൽ നടന്നത്. അതിവൈകാരിക വിഷയം ആയിട്ടുപോലും വളരെ പക്വതയോടെ ആണ് നെഹ്റു, ഗാന്ധി കുടുംബം രാജീവ് ഗാന്ധിക്ക് എതിരായ ആരോപണങ്ങളോട് പ്രതികരിച്ചത് എന്നതും ശ്രദ്ധേയമാണ്. തെരഞ്ഞെടുപ്പ് ആറാം ഘട്ടത്തിലേക്ക് കടന്നതോടെ 1984–ലെ സിഖ് കൂട്ടക്കൊലകളും അതിൽ രാജീവ് ഗാന്ധിക്കെതിരെയും കോൺഗ്രെസ്സിനെതിരെയും ആരോപണങ്ങൾ ഉയർത്തിക്കൊണ്ട് പ്രചാരണ തന്ത്രം മാറ്റി. ഈ ഘട്ടത്തിൽ





തെരഞ്ഞെടുപ്പ് നടന്ന പഞ്ചാബ്, ഹരിയാന, ഡൽഹി സംസ്ഥാനങ്ങളിലെ പ്രബലമായ സിഖ് വോട്ടുകൾ മുന്നിൽകണ്ടുകൊണ്ടാണ് വിവാദപരമായ പരാമർശനങ്ങളുമായി പ്രധാനമന്ത്രിയുടെ പാർട്ടി രംഗത്ത് വന്നതെന്ന് വ്യക്തമാണ്.

തെരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടങ്ങളിലും ചർച്ചയാക്കിയ വിവാദപരാമശങ്ങളിലൂടെ യഥാർത്ഥ വിഷയങ്ങളിൽനിന്നും ജനങ്ങളുടെ ശ്രദ്ധയെ വഴിമാറ്റി വിട്ടു. വ്യക്തിപരമായ ആക്ഷേപങ്ങളും, വർഗീയ പരാമർശങ്ങളും, എന്തിനേറെ ഗോഡ്സയെപ്പോലും മഹത്വവൽക്കരിക്കുന്ന പ്രസ്താവനകളും ചർച്ചയായപ്പോൾ ജനകീയവിഷയങ്ങൾ തെരഞ്ഞെടുപ്പിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടു. പ്രസക്തവിഷയങ്ങൾ മാറ്റിനിർത്തി കേവലം ക്ഷണികമായ വൈകാരിക വിഷയങ്ങൾക്ക് പിന്നാലെ പോകുന്ന പുതിയ രീതി ഒരിക്കലും കരുത്തുള്ള ഒരു ജനാധിപത്യത്തിന്റെ സൂചനയല്ല. ഇതിനു മുൻപും ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ഭരണത്തിലുള്ള സർക്കാരുകൾ വാഴുകയും വീഴുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇതിനു മുൻപ് ഒരിക്കലും ഇതുപോലെ ജനങ്ങളുടെ വിഷയങ്ങൾ ബോധപൂർവം മാറ്റിനിർത്തിയിട്ടില്ല എന്നത് നിസ്തർക്ക വസ്തുത.

പ്രബലയെന്നു കരുതിയ ഇന്ദിരാ ഗാന്ധി പോലും അധികാരത്തിൽനിന്നും പുറത്താവുകയും തിരിച്ചുവരികയും ചെയ്തിട്ടുണ്ട്. അടിയന്തരാവസ്ഥക്ക് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ അടിയന്തരാവസ്ഥയുടെ ഗുണ ദോഷങ്ങളെ ചുറ്റിപ്പറ്റി തന്നെയാണ് തെരഞ്ഞെടുപ്പ് പ്രചാരണം നടന്നത്. പാക്കിസ്ഥാനെതിരെ ബംഗ്ലാദേശ് യുദ്ധത്തിൽ ചരിത്രവിജയം നേടിയതിനു തൊട്ടുപിന്നാലെ 1971-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇന്ദിരാ ഗാന്ധി ഉയർത്തിയ മുദ്രാവാക്യം "ഗരീബി ഹഠാവോ" (ദാരിദ്ര്യം ഉന്മൂലനം ചെയ്യുക) എന്നതായിരുന്നു.ദാരിദ്ര്യം ഇല്ലാതാക്കാൻ ഒരു അവസരം കൂടിയാണ് ഇന്ദിര ചോദിച്ചത്. അല്ലാതെ പാക്കിസ്ഥാനെ പാഠം പഠിപ്പിക്കാൻ തനിക്ക് ഒരു അവസരം കൂടി നൽകാനല്ല.

ഇന്ത്യയുടെ ജനാധിപത്യത്തിന് ഉണ്ടാകുന്ന ഗതിമാറ്റം വളരെ ആശങ്കാജനകമാണ്. തീവ്രദേശീയതയും മതാധിഷ്ഠിത രാഷ്ട്രീയവും കുത്തക മുതലാളിത്തവും കൂടി അജണ്ടകൾ നിശ്ചയിക്കുകയും, ജനകീയ വിഷയങ്ങൾക്ക് മുൻഗണനകൾ നഷ്ടപ്പെടുകയും, ജനവിധികൾ അട്ടിമറിക്കപ്പെടുകയും ചെയ്യുന്നവളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിലൂടെയാണ് ഇന്ന് ഇന്ത്യയുടെ ജനാധിപത്യം കടന്നുപോകുന്നത്. മതാധിഷ്ഠിത രാഷ്ട്രീയത്തിൽ പടുതുയർത്തപ്പെട്ട തീവ്ര ദേശീയത എത്രമാത്രം അപകടകരമാണെന്നതിന് ചരിത്രത്തിൽ നിരവധി ദൃഷ്ടാന്തങ്ങൾ ഉണ്ട്. ജനാധിപത്യത്തിന്റെ അടിസ്ഥാന ദർശനങ്ങളായ ബഹുസ്വരതയും സഹിഷ്ണതയും ഉന്നത കാഴ്ചപ്പാടുകളും, സാവധാനം സങ്കുചിതവും അസഹിഷ്ണുതയും നിറഞ്ഞ വെറുപ്പിന്റെ രാഷ്ട്രീയത്തിന് വഴിതെളിക്കുകയും സമീപകാലത്തുതന്നെ ഏകാധിപത്യ-സർവ്വാധിപത്യ ഭരണകൂടങ്ങൾ വ്യവസ്ഥാപിതമാക്കപ്പെടുകയും ചെയ്യും. ലോക ചരിത്രത്തിലെ ഏകാധിപത്യ ഭരണങ്ങൾ എല്ലാം വിരൽ ചൂണ്ടുന്നത് ഈ സാധ്യതകളിലേയ്ക്കാണ്. മതാധിഷ്ഠിത രാഷ്ട്രീയത്തിന്റെ പിൻബലത്തിലും കുത്തക മുതലാളിത്തത്തിന്റെ തണലിലും ഇന്ത്യയിൽ തീവ്രദേശിയത ശക്തിപ്പെടുന്നു എന്ന് നിസംശയം പറയുവാൻ കഴിയും. 2019-ലെ ലോകസഭാ തിരഞ്ഞെടുപ്പ് ഫലങ്ങളും നൽകുന്ന സൂചനകൾ ഈ ദിശയിലേയ്ക്കാണ്. ജനാധിപത്യത്തിന്റെ പ്രാണവായു സ്വാതന്ത്ര്യത്തിന്റെ ശ്വാസകോശത്തിൽ സുരക്ഷിതമെന്ന് വിസ്മരിക്കാതിരിക്കാം.




# സ്വാതന്ത്ര്യം

**സൂസൻ സാം**

ഇന്നലെകൾ തൻ നല്ല നാളെകളാണിന്ന്
അന്നു നുകത്തിൻ കീഴിലിരുന്നു നാം.
നാല്ക്കാലികൾ പോൽ രാപ്പകല-
ന്നത്തിനായ് ഉഴലുന്നവർ.
    ഒട്ടിയവയറും കണങ്കാലിലൊട്ടുമേ-
    പൊട്ടാത്ത ചങ്ങലക്കമ്പികളും- വ്രണം
    വറ്റാത്ത ചാട്ടവാർ  ചാലുകളും- ഉടൽ
    നീറ്റിയൊഴുകും വിയർപ്പുകണങ്ങളും.
തോക്കിൻമുനയിലമർന്ന നിലവിളി-
യ്ക്കാർക്കും പരാതികളേതുമില്ലാതെ
സ്വന്തമെന്നോതുവാൻ തൻ നിഴലില്ലാതെ
ബന്ധുതപോലുമേ കൈമുതലില്ലപോൽ!
    പട്ടിണിയും പരിവട്ടവുമല്ലാതെ
    ഒട്ടുമില്ലാ ധന-ധാന്യ സമൃദ്ധിയും
    ഊറ്റിയെടുത്തു പാശ്ചാത്യകിരാതര-
    ന്നേറ്റെടുത്തമ്മാനമാടിയീ നാടിനെ.
കട്ടുമുടിച്ചവർ നമ്മുടെ ഭൂമിയെ
ഒട്ടൊഴിയാതെ വിഭവ സമ്പത്തുകൾ
ചുട്ടുകൊണ്ടേറെ സഹോദരരെ-
തിന്മ കെട്ടിയുയർത്തി സാമ്രാജ്യം!
    നന്നേതിളച്ചു തൻനാടിൻ ഞരമ്പുകൾ
    ചെന്നായകൾക്കുള്ളതല്ലീ ഭാരതം
    നിന്നു മുമ്പിൽ പ്രതിരോധം തീർത്ത്
    കുന്നുപോൾ നെഞ്ച് വിരിച്ച് മഹാത്മാക്കൾ.
പൊട്ടിപ്പുറപ്പെട്ടു വിപ്ലങ്ങൾ-ഏറെ
നഷ്ടമായ സോദരപ്രാണനുകൾ-ഒട്ടും
വിട്ടില്ലവർ നമുക്കേകുവോളം അന്നു
നട്ടപ്പാതിരാവിൽ സ്വാതന്ത്ര്യമേ!
    'പാരതന്ത്ര്യം മൃതിയേക്കാൾ ഭയാനകം'
    ഘോരഘോരം ചൊന്ന വീരപുത്രന്മാർക്ക്
    ആദരവോടെ നമുക്കർപ്പിക്കാമീദിനം
    സ്വാതന്ത്ര്യമന്യമാക്കല്ലെ നാം ചെയ്തികൾ.
എട്ടുകാലിതൻ വലക്കുള്ളിലാണിന്ന്
ഒട്ടേറെ ജന്മങ്ങൾ കോർത്തുകിടപ്പത്
തോളിലിന്നില്ല നുകമെന്നത് സത്യം
ആളുകൾ കൂനി നടപ്പതു കാണുക.





**സി. ഡെലീഷ്യാ തെരേസ് എസ്.സി.ജെ.ജി**
ഫാമിലി കൗൺസിലർ, കട്ടപ്പന, ഇടുക്കി

# കുട്ടികൾ വളരുന്നു, നിങ്ങളോ?

വീടിന്റെ തൊട്ടപ്പുറത്തെ അങ്കണവാടിയിൽ മൂന്നരവയസ്സുകാരനെ പഠിക്കാന് വിടാൻ മാതാപിതാക്കൾക്ക് താല്പര്യമില്ല. കാര്യം തിരക്കിയപ്പോൾ ''അവന് ബുദ്ധികൂടുതലാണ്. അതുകൊണ്ട് ഇംഗ്ലീഷ് മീഡിയത്തിൽ വിട്ടാലേ ശരിയാകൂ'' എന്നായിരുന്നു ഉത്തരം. കഴിഞ്ഞ മാസങ്ങളിൽ നാലാം ക്ലാസ്സുകാരനെ സ്കൂളിൽ വിടാൻ ലോൺ എടുക്കാനുള്ള ഓട്ടത്തിലായിരുന്നു ചില മാതാപിതാക്കൾ. വലുതാകുമ്പോൾ അവരെ ഡോക്ടറാക്കണം, എഞ്ചിനീയറാക്കണം. കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താൽ എത്ര പണം ചെലവിടാനും മടിയില്ല. കുട്ടികളുമായി ബന്ധപ്പെട്ട വിഷയത്തിൽ ആദ്യം കൗൺസിലിംങ് ആവശ്യമായിവരുന്നത് മാതാപിതാക്കൾക്കാണ്. ഇതെന്തുകൊണ്ട് സംഭവിക്കുന്നു?

നോഹയ്ക്ക് പതിനാലു വയസ്സ്, സ്കൂളിലും നാട്ടിലും നമ്പർവൺ ഫ്രീക്കനാണ് അവൻ. ആരെയും കൂസാത്ത പ്രകൃതം. പഠനത്തേക്കാൾ ലഹരിയും അശ്ലീല ലോകവുമാണ് അവന് ഹരം. റോമിയോ–ലോറൻസ് ദമ്പതികളുടെ എകമകനാണ് കവി. അവന്റെ ഇഷ്ടങ്ങൾ സാധിച്ചുകൊടുക്കാൻ ദമ്പതികൾ പരസ്പരം മത്സരിച്ചു. ഏറെ ലാളനയും പരിഗണനയും കൊടുത്തു മകനെ വളർത്തി പക്ഷേ കൗമാക്കാരനായപ്പോൾ അവനെ അഭിമുഖീകരിക്കാൻ മാതാപിതാക്കൾക്ക് ഭയമാണ്. അല്ലി–ഫെലിക്സ് ദമ്പതികളുടെ മകളാണ് മിലി. പെണ്ണായതിനാൽ ചിട്ടയിലും കാർക്കശ്യത്തിലുമാണ് അവളെ വളർത്തിയത്. എന്നാൽ അവൾക്കിന്ന് ഒരു ചെറിയ തീരുമാനം പോലും സ്വന്തമായി എടുക്കാൻ സാധിക്കുന്നില്ല. കൊടിയ അപകർഷതാബോധത്തിന് അടിമാണ്. ഈ കുട്ടികളുടെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണം മാതാപിതാക്കൾ തന്നെയാണ്. രണ്ടുവയസ്സുവരെ കുട്ടികളെ രാജകുമാരി–കുമാരന്മാരേപ്പോലെ ശ്രദ്ധയും പരിചരണവും നൽകി വളർത്തണം. മൂന്നു മുതൽ ഒൻപത് വരെ കുട്ടികളെ ശരിയായ രീതിയിൽ ടോയ്‌ലറ്റ് പരിശീലനം നൽകണം. ചെയ്യേണ്ടവയും വേണ്ടത്താതും വ്യക്തമായി പഠിപ്പിക്കേണ്ട കാലമാണിത്. ഒൻപത്–പതിനൊന്നുവയസ്സുവരെ കുട്ടിയെ സഹപ്രവർത്തകൻ/സഹപ്രവർത്തകയായി കരുതണം. സച്ചിൻ, പി. ടി. ഉഷ എന്നി

വരിലൊക്കെയുണ്ടായിരുന്ന പ്രതിഭയെ അവരുടെ മാതാപിതാക്കൾ കണ്ടെത്തിയത് ഈ പ്രായത്തിലാണ്. പത്തൊൻപത് വയസ്സുവരെ കുട്ടിയെ സുഹൃത്തായി കാണാൻ മാതാപിതാക്കൾക്ക് കഴിയണം. ഉള്ളുതുറന്ന് എന്തും പങ്കുവയ്ക്കാനുള്ള അടുപ്പം കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം. അതുപോലെ അവരെ കേൾക്കുവാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

ആശയമികവുകൊണ്ട് ഏറെ ചർച്ചാവിഷയമായ മലയാള ചലച്ചിത്രമാണ് ഫിലിപ്സ് ആൻഡ് മങ്കിപെൻ. ചിത്രത്തിന്റെ ആദ്യഭാഗത്ത് റയാൻ ഫിലിപ്പ് എന്ന കുട്ടി കുസൃതിക്കാരനും രണ്ടാംഭാഗത്ത് ഏവർക്കും പ്രിയങ്കരനുമാണ്. കാരണം മങ്കി പെൻ പറയുന്ന നന്മകൾ അവൻ പരിശീലിച്ചു തുടങ്ങി. ആധുനിക മനശാസ്ത്രം പരിചയപ്പെടുത്തുന്ന പോസിറ്റീവ് പേരന്റിങ് രീതിയാണ് (മക്കളെ വളർത്തുന്ന രീതി) ഇതിന്റെ കാതൽ. ഇവിടെ ഒരു വ്യക്തിയുടെ ഉള്ളിലുള്ള സമ്പൂർണ്ണ നന്മയെ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മക്കോബി, മാർട്ടിൻ എന്നീ മനശാസ്ത്രജ്ഞന്മാർ പലതരത്തിലുള്ള പാരന്റിങ് രീതിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഒന്നാമതായി സർവ്വസ്വാതന്ത്ര്യ ശൈലി (Permissive Style). ഇത് വിഷാദം ആകുലത തുടങ്ങി ലഹരിയിൽ വരെ കുട്ടിയെ കൊണ്ടെത്തിക്കും. സ്വേച്ഛാധിപത്യശൈലിയാണ് (Autocratic Style) രണ്ടാമത്തേത്. തങ്ങൾ പറയുന്നത് മാത്രം കേട്ടാൽ മതി എന്ന നിലപാടാണ് ഇത്തരം മാതാപിതാക്കളുടേത്. അരുതുകളും പരിധികളും കുട്ടിയ്ക്ക് മേൽ കെട്ടിവച്ച് സ്നേഹപ്രകടനങ്ങൾ ഇല്ലാതെ വളർത്തും. എന്നാൽ കുട്ടി മുതിർന്നു വരുമ്പോൾ ഭയം നിമിത്തം മാതാപിതാക്കളോട് ഒന്നും പങ്കുവയ്ക്കുവാൻ അവന് സാധിക്കാതെപോകുന്നു. മൂന്നാമത്തേത് നിസംഗശൈലിയാണ് (Uninvolved Style). ഇവിടെ എങ്ങനെയായാലും കുഴപ്പം ഇല്ലായെന്ന മനോഭാവമാണ് മാതാപിതാക്കളുടേത്. കുട്ടിയുടെ ശാരീരികമാനസിക ആവശ്യങ്ങൾ അവഗണിക്കപ്പെടുന്നു. ഇത്തരം കുട്ടികൾ മുതിർന്നുകഴിയുമ്പോൾ ആത്മവിശ്വാസം തീരെയില്ലാത്തവരായി മാറും. ഉത്തരവാദിത്വം ഏറ്റെടുക്കാതെ മറ്റുള്ളവരെ പഴി ചാരി മുന്നോട്ടുപോകും. മറ്റൊന്ന് ജനാധിപത്യ ശൈലിയാണ് (Authoritative Style). ഇവിടെ മാതാപിതാക്കളും കുട്ടികളും തമ്മിൽ നല്ല ആശയവിനിമയം ഉണ്ടായിരിക്കും. പരിധി നിശ്ചയിക്കുന്നുണ്ടെങ്കിലും സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. കുട്ടികൾക്ക് തിരഞ്ഞെടുക്കുവാനുള്ള അവസരവും സാഹചര്യവും ഒരുക്കികൊടുക്കും. വികാരങ്ങൾ ശരിയായ രീതിയിൽ പ്രകടിപ്പിക്കാനുള്ള പരിശീലനം ലഭിച്ച് വളരുന്ന കുട്ടികളായതിനാൽ ഇവർ വളർന്നുവരുമ്പോൾ സാഹചര്യമനുസരിച്ച് ഉത്തമമായി പ്രതികരിക്കും. ഇവർ സമൂഹത്തിനു മുതൽക്കൂട്ടാകുന്നവരായിരിക്കും. ഇത്തരത്തിലുള്ള തലമുറയെ വളർത്തിയെടുക്കാൻ കുടുംബങ്ങൾക്ക് സാധിക്കട്ടെ. ചുരുക്കത്തിൽ, വളർച്ചയുടെ പടവുകൾ താണ്ടുന്ന കുട്ടികൾക്ക് അവരുടെ പ്രായത്തിനും വളർച്ചയ്ക്കും ഉതകുന്ന പാരന്റിംങ് ശൈലി സ്വാംശീകരിക്കാൻ മാതാപിതാക്കൾക്ക് കഴിയണം. കുട്ടികൾ വളരുന്നു; മാതാപിതാക്കളെ നിങ്ങളോ?





# നോട്ടം

സി. രമ്യാ മാത്യു എസ്.സി.ജെ.ജി

കണ്ണട വാങ്ങുന്നതിനായി എത്തിയ രത്നമ്മയുടെ കണ്ണിൽ, കാഴ്ച ടെസ്റ്റുചെയ്യുന്നതിനായി ഓരോ ലെൻസും മാറി മാറി വെച്ചുകൊണ്ട് ടെക്നീഷ്യൻ ചോദിച്ചു: ''ഇപ്പഴാണോ ക്ലിയർ? ഇപ്പഴാണോ ക്ലിയർ?'' അവ ഓരോന്നും മാറി മാറി വച്ചിട്ടും രത്നമ്മയ്ക്ക് ആകെ കൺഫ്യൂഷൻ. നിജസ്ഥിതി മനസ്സിലാക്കാൻ പറ്റാതെ കുഴഞ്ഞ ടെക്നീഷ്യൻ അവസാനം ഒരു ചെറിയ ബുദ്ധി പ്രയോഗിച്ചു. കണ്ണിനുമുമ്പിൽ മറ്റൊരു ലെൻസ് വെക്കുന്നതായി ഭാവിച്ച് ടെക്നീഷ്യൻ ചോദിച്ചു: ''ഒന്നുകൂടി ശ്രദ്ധിച്ചു നോക്കിക്കേ? ഇപ്പോൾ ശരിക്കും കാണത്തില്ലേ?'' ''യേസ്, യേസ് ഇപ്പോൾ നന്നായി കാണാം''. രത്നമ്മ ഒരു സംശവുമില്ലാതെ പറഞ്ഞു. ചിരിച്ചുകൊണ്ട് ടെക്നീഷ്യൻ പറഞ്ഞു: ''ഹ...ഹ... അതിനു ഞാൻ അമ്മയുടെ കണ്ണിൽ ലെൻസ്സൊന്നും വെച്ചില്ലല്ലോ.. അപ്പോൾ ഒരു കണ്ണടയുടെയും ആവശ്യമില്ല''.

വ്യക്തമായ കാഴ്ചയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. എന്നാൽ മുൻവിധികളുടെ ഗ്ലാസ്സുകളിലൂടെ നോക്കുമ്പോൾ വ്യക്തതയിൽ വ്യത്യാസം വരുന്നു. അല്ലെങ്കിൽ കാഴ്ചപ്പാടിൽ വ്യതിരിക്തത ഉണ്ടാകുന്നു.

ഇന്നെല്ലാവരും ''നോട്ടം'' മാറി നെട്ടോട്ടമോടുന്ന അവസ്ഥയാണ്. സാങ്കേതികവിദ്യ ഒന്നിനൊന്ന് മെച്ചപ്പെടുന്നതിനനുസരിച്ച് മനുഷ്യന്റെ ഓട്ടത്തിന്റെ ദൈർഘ്യവും കൂടുകയാണ്. എല്ലാം കൈപ്പിടിയിലൊതുക്കാമെന്ന് ശാസ്ത്രം പറയുമ്പോഴും ഒന്നും കൈപ്പിടിയിൽ ഒതുങ്ങുന്നില്ലെന്നാണ് വാസ്തവം. ആർക്കും ആരേയും ശ്രദ്ധിക്കാൻ നേരമില്ല. എല്ലാവരും കാഴ്ചയുടെ കാണാമറയത്താകുന്നു. വീടിന്റെ നാലുചുവരിനുള്ളിലെ സങ്കടങ്ങൾ പരസ്പരം കാണുവാനോ,



അയൽക്കാർ ആരെന്നുപോലും അറിയുവാനോ കഴിയാത്ത അവസ്ഥ. നെട്ടോട്ടങ്ങളുടെ ഫലമായി ബന്ധങ്ങളുടെ ചരടുകൾ അയയുന്നത് അവർ അറിയുന്നില്ല. കാഴ്ചയിലെ ആർദ്രത മങ്ങുമ്പോൾ കാണേണ്ടത് കാണാതെപോകുന്നു.

ഇന്ന് നോട്ടങ്ങളൊക്കെ ഭാരമായി തുടങ്ങി; ബന്ധങ്ങളൊക്കെ ബന്ധനങ്ങളായി. വെറും വാക്കുകൾക്കും സ്വാർത്ഥതാൽപര്യങ്ങൾക്കും അപ്പുറത്തേയ്ക്ക് ഇവയ്ക്ക് ആയുസ്സില്ലാതായി. പെറ്റമ്മയ്ക്ക് തന്റെ മകനെ മറക്കാനാകുമോ എന്ന വചസ്സുകളൊക്കെ ഇന്ന് പൊള്ളയായി. പൊക്കിൾകൊടി ബന്ധം തകർത്ത് മനുഷ്യത്വം മറക്കുന്നു. അങ്കണവാടിയിൽ അമ്മയുടെ വിരൽത്തുമ്പ് നഷ്ടമായ കുഞ്ഞിന്റെ വാടിയ മുഖമാണ് ഇന്ന് അഗതിമന്ദിരത്തിനു മുമ്പിൽ വഴിക്കണ്ണുമായി നിൽക്കുന്ന അനാഥരല്ലെങ്കിലും അനാഥത്വം പേറിയ ജന്മങ്ങളുടേത്. മറ്റൊരുകൂട്ടരാകട്ടെ, സ്വന്തമെന്നു കരുതേണ്ട പിഞ്ചുമനസ്സുകളേപ്പോലും തല്ലിക്കെടുത്തുന്നു. അമ്മയെ മാതാവായും, അദ്ധ്യാപികയെ ഗുരുവായും, സഹോദരിയെ കൂടെപ്പിറപ്പായും കാണാതെ വക്രതയുടെ മിഴിയിലൂടെ കാഴ്ചയെ വികൃതമാക്കുന്ന മറ്റുചിലർ. യുദ്ധവും അസമത്വവും അരാജകത്വവും ഒരുവശത്ത് തിമർക്കുമ്പോൾ മറുവശം അധാർമ്മികതയുടെ പടുകുഴിയിലേക്ക് കൂപ്പുകുത്തുന്നു.

കാഴ്ചപ്പാടിൽ വന്ന മാറ്റം സർവ്വസാധാരണമാണ്.

**ദൈവത്തോട്:-**വിശ്വാസികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നെങ്കിലും വിശ്വാസം ജീവശ്വാസമാക്കിയവർ കുറയുന്നു. പ്രതികൂലങ്ങളിൽ ദൈവത്തെ ചേർത്തു നിർത്തുമ്പോഴും അനുകൂലങ്ങളിൽ മാറ്റിനിർത്തുന്ന വിശ്വാസികളായി ഇന്ന് ബന്ധം മാറുന്നു.

**സഹോദരങ്ങളോട്:-** ബന്ധങ്ങളുടെ ത്രാസിൽ സമ്പത്തിന്റെ തൂക്കം കൂടുന്നു. സഹോദരങ്ങളെ മനുഷ്യനായി കരുതാൻപോലും കഴിയാത്ത വിധം മനുഷ്യത്വം മരവിക്കുന്നു.

**സമൂഹത്തോട്:-** സമൂഹം എപ്രകാരമാണെങ്കിലും എന്റെ വീട് മാത്രം നന്നാകണം എന്ന സ്വാർത്ഥതയുടെ അടിമയാകുന്നു മനുഷ്യൻ.

**പരിസ്ഥിതിയോട്:-** ഈശ്വരൻ നമുക്കായി നൽകിയ ഭൂമിയെ വിമലമാക്കേണ്ടതിനു പകരം മലിനമാക്കുന്നു.

**എന്നോടുതന്നെ:-** സമൂഹമാധ്യമങ്ങളുടെ പിന്നാമ്പുറങ്ങളിൽ ലൈക്കുകൾക്കായി എന്ത് സാഹസികതയ്ക്കും തയ്യാറാകുന്ന അവസ്ഥയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. അണുകുടുംബങ്ങളിൽ അണുതാല്പര്യങ്ങൾക്കാണ് മുൻതൂക്കം. ഞാൻ, എന്റെ വീട്, എന്റെ വാഹനം തുടങ്ങീ എന്റേതിനപ്പുറത്തേയ്ക്ക് ചിന്തയില്ലാതെ 'എന്റെയുടെ' ചട്ടക്കൂടിലൊതുങ്ങി മറ്റെല്ലാറ്റിനേയും മനപൂർവ്വം ബഹിഷ്കരിക്കുന്നു.

വിശുദ്ധഗ്രന്ഥത്തിൽ വ്യത്യസ്ത കാഴ്ചപ്പാടുകൾ തീർത്തവർ നിരവധിയാണ്. അതിൽ നോട്ടത്തിന്റെ അർത്ഥ തലങ്ങളെ വ്യാപിപ്പിച്ചവൻ ഈശോയാണ്. അവന്റെ നോട്ടമൊന്നും വെറുതെയായിരുന്നില്ല, അപരനിലേക്കായിരുന്നു. അതിൽ സൗഖ്യത്തിന്റെ കനിവുണ്ടായിരുന്നു. ബെത്സയ്ദാ കുളക്കരയിലെ തളർവാതരോഗി... അനാശാസ്യതയുടെ ഇരുളിൽ അഭിരമിച്ച വേശ്യ... അനീതിയുടെ കറപുരണ്ട ചുങ്കക്കാരൻ... ഒറ്റപ്പെടലിന്റെ നൊമ്പരക്കടലിൽ പെട്ടുപോയ കുഷ്ഠരോഗി... വെളിച്ചം അന്യമെന്നു കരുതിയ അന്ധൻ... പൈശാചിക ബന്ധങ്ങളുടെ കെണിയിലകപ്പെട്ട പിശാചുബാധിതൻ... ഇവരെയൊക്കെ ലോകം കണ്ടതുപോലെയല്ല അവൻ ദർശിച്ചത്.

നോട്ടത്തിലേയ്ക്ക് ഒരെത്തിനോട്ടം നമുക്കിന്നാവശ്യമല്ലേ? നമ്മിലുള്ള നന്മയുടെ ലാവണ്യത്തെ കടഞ്ഞെടുക്കുവാൻ, വേദനിക്കുന്നവന്റെ നൊമ്പരത്തെ തിരിച്ചറിയുവാൻ, തിരസ്കൃതരായവരെ ചേർത്ത് പിടിക്കാൻ, കണ്ടില്ലെന്നു നടിക്കുന്നവർക്കിടയിൽ കാണുന്നവരാകുവാൻ കാഴ്ചയുടെ ജാലകം നമുക്ക് തുറക്കാം.

**വാൽകഷ്ണം:-** സ്വാതന്ത്ര്യലബ്ധിക്കുശേഷം ഗാന്ധിജിയോട് ഈ രാജ്യത്തിന്റെ ധർമ്മമെന്തെന്ന മാധ്യമപ്രവർത്തകന്റെ ചോദ്യത്തിനു മറുപടിയായി അദ്ദേഹം പറഞ്ഞു: "To Wipe out the Tears from the Eyes of the Common".

ജീവിതത്തിൽ ആരെയും വിലകുറച്ച് കാണരുത്. ഓർക്കുക, നിലച്ചുപോയ ഘടികാരവും ദിവസത്തിൽ രണ്ടുപ്രാവിശ്യം നമുക്ക് യഥാർത്ഥ സമയം കാണിച്ചുതരുന്നു.



# "Don't Die before the Death"

**ആൻമേരി സി.**

രംഗബോധമില്ലാത്ത കോമാളിയെന്ന് കാലം പേരിട്ട് വിളിച്ചവൻ-മരണം. ലോകം വിരൽത്തുമ്പിൽ എന്ന് സ്വയം അഭിമാനിച്ചപ്പോഴും അസാധ്യമായി ഇനിയൊന്നുമില്ലെന്ന് അഹങ്കരിച്ചപ്പോഴും മറന്നുപോയ ഒന്നുണ്ട്; നാം സ്വയമണിഞ്ഞ കോമാളിയുടെ രൂപം. അതെ രംഗബോധമില്ലാത്ത ആ കോമാളിയുടെ രൂപം. സഹജീവികൾ അന്യരായപ്പോൾ, ചുറ്റുമുള്ളവയെല്ലാം നമ്മുടെ സ്വാർത്ഥതയ്ക്ക് മുമ്പിൽ മുട്ടുകുത്തിച്ചപ്പോൾ നമ്മൾ ജീവിക്കാൻ മറന്നുപോയി. തൊട്ടരികിലുള്ളവനെ ഒന്നു നോക്കാനോ, അവന്റെ ഉള്ളിലെ നന്മയുടെ വെളിച്ചത്തെ കാണുവാനോ സാധിക്കാതെ ഒരു തലമുറ വളർന്നുവരുന്നു.

ചുറ്റുമുള്ളവരുടെ കണ്ണുനീർ കാണാൻപോലും നമുക്ക് കഴിയുന്നില്ലെങ്കിൽ, അവന്റെ കരച്ചിലിനുമുമ്പിൽ കാതുകൾ മന്ദീഭവിച്ചില്ലെങ്കിൽ, അപരനു നൽകാൻ ഒരിറ്റു സ്നേഹം എനിക്കും നിങ്ങൾക്കും ബാക്കിയില്ലെങ്കിൽ മരിച്ചവരും നമ്മളും തമ്മിലെന്താണ് വ്യത്യാസം. തൊട്ടടുത്ത് ഒരു നേരത്തെ അന്നത്തിനായി ബാല്യങ്ങൾ തെരുവുനായ്ക്കളോട് കടിപിടികൂടുമ്പോൾ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ആർത്തുല്ലസിക്കുന്നവർ അവരുടെ ജീവിതം കൊണ്ടെന്തു നേടി.? ചുറ്റുമുള്ളവയിലേയ്ക്ക് കണ്ണോടിക്കുവാൻ സമയം കണ്ടെത്താതെ 'സ്മാർട്ട്' ലോകത്തിനുമുമ്പിൽ അടിമപ്പെട്ട് കഴിയുന്നവർക്ക് ജീവിച്ചിരിക്കുന്നവരാകാൻ എങ്ങനെ കഴിയും? പണവും അധികാരവും സ്ഥാനമാനങ്ങളും സ്വാർത്ഥതയും ഒന്നാമതാകുമ്പോൾ ജീവിതം വഴുതിപ്പോവുകയാണ്. കുടുംബ ബന്ധങ്ങളും സൗഹൃദങ്ങളും സോഷ്യൽമീഡിയ ഗ്രൂപ്പുകളിലേയ്ക്ക് ഒതുങ്ങിക്കൂടുമ്പോൾ നല്ല നിമിഷങ്ങളും മൂല്യങ്ങളും അവയ്ക്കുപരി മനുഷ്യൻ എന്ന പേരും നമുക്ക് നഷ്ടപ്പെടുകയാണ്. എല്ലാവരും അവനവനിലേയ്ക്ക് തന്നെ ഒതുങ്ങിക്കൂടുന്നു എന്നതും ശ്രദ്ധേയം.

മനുഷ്യത്വം മരവിക്കുമ്പോൾ മനുഷ്യൻ മരിക്കുന്നു. എല്ലാം വെട്ടിപ്പിടിക്കാനുള്ള നമ്മുടെ ഓട്ടത്തിനിടയിൽ തിരിഞ്ഞുനോക്കാൻ നാം ശ്രമിക്കുന്നില്ല. ഒപ്പമുള്ളവർ വീണുപോകുമ്പോൾ സഹായഹസ്തമേകാതെ അവന്റെ വീഴ്ചയിൽ സന്തോഷിച്ച്, ഒരു എതിരാളി കുറഞ്ഞുകിട്ടിയ മത്സരബുദ്ധിയിൽ കല്ലുകളേക്കാൾ കഠിനമായ ഹൃദയത്തോടെ നാം മുന്നോട്ടുപോകുന്നു. സമയത്തിന് മനുഷ്യത്വത്തേക്കാൾ പ്രാധാന്യം നൽകുന്നു. വർദ്ധിച്ചുവരുന്ന ഡേകെയറുകളും വൃദ്ധസദനങ്ങളും ഇതിനുദാഹരണം മാത്രം. ചിന്തിക്കുമ്പോൾ, അറിയാതൊണെങ്കിലും ഞാനും നീയുമൊക്കെ ഈ മരണസംസ്കാരത്തിന്റെ കാവൽക്കാരായി തീരുകയാണ്.

മരിച്ചവനെ നോക്കുക, അവന്റെ കണ്ണുകൾക്ക് കാഴ്ചയില്ല; കാതുകൾക്ക് കേൾവിയില്ല; ഒരു വാക്ക് മിണ്ടാൻ അവന് സാധിക്കുന്നില്ല; കൈത്താങ്ങേകുവാൻ അവനു ശേഷിയില്ല. ജീവിതം ഒന്നേയുള്ളു; അത് മരിച്ചവരേപോലെ ജീവിക്കാതെ ജീവനുള്ളവരായി ജീവിച്ച് തീർക്കാം. സാങ്കേതികവിദ്യകൾ മനുഷ്യന് ആവശ്യമാണ്. എന്നാൽ അത് നമ്മെ നിയന്ത്രിക്കുന്നവയായി മാറിയാൽ ഫലം ദുരന്തമായിരിക്കും.

നഷ്ടമായ പഴയകാലം നമുക്ക് വീണ്ടെടുക്കാം. മരണത്തെ വളർത്തുന്നതും ആ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതും നമ്മൾതന്നെയാണ്. അവനവനിലേയ്ക്ക് ഒതുങ്ങാതെ വിശാലലോകത്ത് നന്മയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തി സ്വയം വെളിച്ചമായി മാറുവാൻ ശ്രമിക്കാം.

**"Don't Die before the Death"**



# കുടുംബവും ലാളിത്യവും

സി. ഷൈനി അന്ന ജെയിംസ്

ലോകമിന്ന് സങ്കീർണ്ണതകളാൽ പരിക്ഷീണിതയാണ്. ശാസ്ത്രസാങ്കേതിക പുരോഗതി സമ്മാനിക്കുന്ന നന്മകളുടെയും ജീവിതസൗകര്യങ്ങളുടെയും മാസ്മരികത ഒരുവശത്ത് ലഹരിയായെത്തുമ്പോൾ മറുവശത്ത് മാനുഷികമൂല്യങ്ങളിലും കുടുംബബന്ധങ്ങളിലും സംഭവിക്കുന്ന അപഭ്രംശങ്ങളും തകർച്ചകളും ആശങ്ക ഉയർത്തി നിൽക്കുന്നു. എന്തുചെയ്യണം.. എങ്ങോട്ടുതിരിയണം..? ഒരു നാൽക്കവലയിലെന്നപോലെയാണ് തീരുമാനങ്ങളുടെമുമ്പിൽ മനുഷ്യൻ. മനുഷ്യമഹത്വത്തിന്റെ മുദ്രയായ 'തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം' വേണ്ടവിധം ഉപയോഗിക്കാനാവാത്തവിധമുള്ള, മാനുഷിക, സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ സമ്മർദ്ദങ്ങളും സഹനങ്ങളും സംഘർഷങ്ങളും സ്വാധീനങ്ങളും മനുഷ്യജീവനെ വേട്ടയാടുന്നു. നിമിഷത്തിന്റെ ഒരംശം പോലും ആശങ്കാജനകമാണിത്. ഒരു നൊടിയ്ക്കുള്ളിൽ തന്റെ ജീവൻ മാത്രമല്ല ലോകം തന്നെയും ഒരു വിസ്ഫോടനത്താൽ അപ്രത്യക്ഷമാക്കാൻ കഴിയുമെന്ന് മനുഷ്യൻ മതിമറന്ന് അവകാശപ്പെടുന്നു. അമ്മയുടെ മൃദുലമായ പരിരക്ഷയുടെ ചൂടേറ്റ് വളർന്നുവന്ന നിഷ്കളങ്കനായ ശിശുവിന്റെ പാൽപുഞ്ചിരിയിൽനിന്ന് ഒരു കൂട്ടകുരുതി നടത്തി ഭ്രാന്തനെപ്പോലെ ആർത്തട്ടഹസിക്കുന്ന ഭീകരനിലേയ്ക്കുള്ള വളർച്ച- അതാണ് ലോകമിന്ന് നേരിടുന്ന ഞെട്ടിപ്പിക്കുന്ന സങ്കീർണ്ണത. ഈ ചോദ്യങ്ങൾക്കുത്തരമായി പരിഹാരവും മുൻകരുതലുമെന്നോണം ഒരു ആപ്തവാക്യം ഓർമ്മയിലെത്തുന്നു- ''ജീവിതത്തിലെ ലാളിത്യവും കുടുംബത്തിലെ സാക്ഷ്യവും''. വരും തലമുറയുടെ ലാളിത്യം കുടുംബത്തിലെ സാക്ഷ്യസമ്മാനമാണെന്നും ലോകസങ്കീർണ്ണതകൾക്കുത്തരം കുടുംബങ്ങൾക്കുള്ളിൽത്തന്നെ ഉണ്ടെന്നുമുള്ള ദിവ്യരഹസ്യം മന്ത്രിക്കുകയാണീ ആപ്തവാക്യം.



ലാളിത്യമുള്ളവരെ കണ്ടിട്ടുണ്ടോ? ഉത്തരം പറയുവാനാഗ്രഹിക്കുന്നത് സഭാപിതാവായ വി.ക്രിസോസ്തോമാണ്. അദ്ദേഹം പറയുന്നു:''ശാന്തതയോടെസമയം ചെയവഴിക്കുന്നവർ, അനീതിയുടെ പ്രകടനങ്ങൾ ഇല്ലാത്തവർ, പട്ടണത്തിന്റെ ആർഭാടങ്ങൾ തീണ്ടാത്തവർ, തന്നിഷ്ടമനുവദിക്കാത്തവർ, സുബോധത്തോടെ ജീവിക്കുന്നവർ, അധ്വാനിക്കുന്നതിൽ ലജ്ജിക്കാത്തവർ'' ലാളിത്യമുള്ളവരാണവർ. 'ഹപ്ലോതെസ്' എന്ന ഗ്രീക്കുപദം 'പങ്കുവയ്ക്കാൻ സന്മനസ്സുള്ളവരെ' ലാളിത്യമുള്ളവരായി കാണുന്നു. പ്രപഞ്ചത്തിൽ നിറഞ്ഞുനിന്ന ദൈവികലാളിത്യത്തെ ഒപ്പിയെടുത്ത് ലാളിത്യത്തിന്റെ ആൾരൂപമായി മാറിയ വി. ഫ്രാൻസീസ് അസ്സീസ്സിയും ഭാരതസഭയുടെ പ്രിയപ്പെട്ട വിശുദ്ധരായ അൽഫോൻസാമ്മയും ചാവറയച്ചനും എവുപ്രാസ്യാമ്മയും മദർതെരേസയുമെല്ലാം ലാളിത്യ

ത്തിന്റെ മികച്ച സാക്ഷികളായി നിലകൊള്ളുന്നു. ബുദ്ധമതസ്ഥാപകനായ ശ്രീബുദ്ധനും സിക്കുമതസ്ഥാപകനായ ഗുരുനാനാക്കും ജൈനമതത്തിന്റെ ഉപജ്ഞാതാവായ മഹാവീരനുമെല്ലാം ലളിതജീവിതത്തിനുടമകളായിരുന്നു. രാഷ്ട്രപിതാവായ ഗാന്ധിജി ലാളിത്യത്തെ ഗാഢമായി ആശ്ലേഷിച്ച പുണ്യാത്മാവാണ്. അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രാഹാം ലിങ്കൺ തന്റെ അധികാരപ്രഭയിലും ലാളിത്യത്തിനൊരപവാദം ആയിരുന്നില്ല. ശാസ്ത്രജ്ഞനും ഇന്ത്യൻ രാഷ്ട്രപതിയുമായിരുന്ന ഡോ.അബ്ദുൾ കലാം, ലാളിത്യം കൈമോശം വരാതെ ഉന്നതസ്വപ്നങ്ങൾ യാഥാർത്ഥ്യവൽക്കരിച്ച്, അതിനായി ലോകരെക്കൂടി പ്രചോദിപ്പിച്ച വ്യക്തിയാണ്.

ശിശുസഹജമാണ് ലാളിത്യമെങ്കിലും പ്രയാസകരമായ ഒരു സുകൃതമാണത്. ദൈവരാജ്യത്തിലേയ്ക്കുള്ള താക്കോലാണത് (മത്താ. 18:3). മറ്റുള്ളവർക്ക് നമ്മുടെ അടുത്ത് വരുവാനും നമുക്ക് മറ്റുള്ളവരുടെ പക്കലേയ്ക്ക് ചെല്ലുവാനും ലാളിത്യം എളുപ്പത്തിൽ വഴി ഒരുക്കുന്നു. ഈ വഴിയൊരുക്കൽ ഞെരുക്കത്തിന്റെയും ക്ലേശത്തിന്റെയും സഹനത്തിന്റെയുമാണ്. 'ഹെർമാസിന്റെ ഇടയൻ' എന്ന പുരാതന ക്രൈസ്തവ കൃതി ലാളിത്യമുള്ളവരെ നിഷ്കപടരായി അവതരിപ്പിക്കുന്നു. വി. തോമസ് അക്വീനാസിന്റെ അഭിപ്രായത്തിൽ ലാളിത്യം സമ്പത്തിന്റെയും പ്രകൃതിവിഭവങ്ങളുടെയും സന്തുലിത ഉപയോഗമാണ്. ആസക്തികളിൽനിന്ന് വിടുതൽ നൽകുന്ന ശക്തി ലാളിത്യത്തിനുണ്ട്. ലളിതഹൃദയർ കൃതജ്ഞതയോടെ ജീവിക്കുന്നു. ഉള്ളതിലധികം മേന്മ ഭാവിക്കാതിരിക്കുവാൻ ജാഗ്രതപുലർത്തുന്നു. ഏറ്റവുമുപരി, ലാളിത്യം ഒരു ആദ്ധ്യാത്മിക നന്മയാണ്. സുവിശേഷഭാഗ്യമാണ് ലാളിത്യത്തിന്റെ പ്രതിഫലം. ത്രിയേകദൈവം തന്നെയാണ് ലാളിത്യത്തിന്റെ ഏറ്റവും അക്ഷയമായ സ്രോതസ്സും പരമോന്നത മാതൃകയും.'കാരുണ്യത്തിന്റെ മുഖം' എന്ന ചാക്രികലേഖനത്തിലൂടെ 'ദൈവം കരുണയാണ്' എന്ന് ആധികാരികമായി പ്രഖ്യാപിച്ച പരി.പിതാവ് മാർ ഫ്രാൻസിസ് പാപ്പ, തന്റെ ജീവിതത്തിലൂടെ ഇന്നോളം പ്രഘോഷിക്കുന്നത് 'ദൈവം ലാളിത്യത്തിന്റെ മുഖ'മാണെന്ന മറ്റൊരു സത്യമാണ്. ആകാശവും ഭൂമിയും മാറിയാലും ദൈവത്തിന്റെ വാക്കുകൾ മാറുന്നില്ല (മത്താ. 5:18). ലാളിത്യമേറിയ അവിടുത്തെ വാക്കുകൾ എവിടെയും തുളച്ചുകയറുവാൻ മാത്രം ചെറുതാണ്. സൂക്ഷ്മതകൊണ്ട് മൂർച്ചയേറിയതും (വെളി. 2:16) ഗോലിയാത്തിനെ



കീഴ്പ്പെടുത്തിയ ദാവീദിന്റെ 'ചെറുകല്ല്' പോലെയാണത് (1 സാമു. 17:49).

പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു ദൈവപുത്രന്റെ മനുഷ്യാവതാരം. അവിടുത്തെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കാളിയാകുവാൻ അമ്മയായി ദൈവം നിശ്ചയിച്ചത് മറിയമെന്ന എളിയവളായ ഒരു ഗ്രാമീണ കന്യകയെയാണ്. ത്രിയേക ദൈവത്തിന്റെ ലാളിത്യം മിഴിവോടെ പ്രകാശിച്ച ഒരു കുടുംബമായിരുന്നു നസ്രത്തിലെ തിരുക്കുടുംബം. ദൈവപുത്രനാണെങ്കിലും ഈശോ അവിടെ വളർത്തപ്പെട്ടത് ദരിദ്രവും ലളിതവുമായ സാഹചര്യങ്ങളിലൂടെയാണ്. ഉപജീവനത്തിനായി കഠിനാദ്ധ്വാനത്തിലുപരി ബാങ്ക് നിക്ഷേപങ്ങളോ ഭൂസമ്പത്തോ അവർക്കുണ്ടായിരുന്നില്ല. ആ കാലത്തിന്റെ പ്രൗഢിക്കു ചേർന്ന വിധത്തിൽ പണികഴിപ്പിച്ച ഭവനവും ആയിരുന്നില്ല ഈശോയുടേത്. അന്നത്തെ സാധാരണക്കാരിൽ സാധാരണക്കാരനായി അവർ ജീവിച്ചു. എടുത്തു പറയത്തക്കതായി ആരും ഒന്നും അവരിൽ കണ്ടില്ല (ലൂക്ക 4:22). അത്രയും ലാളിത്യത്താൽ മറയ്ക്കപ്പെട്ട ദിവ്യരഹസ്യങ്ങളായി തിരുക്കുടുംബം ജീവിച്ചു.



രേഖപ്പെടുത്തുവാൻ ഒന്നുമില്ലാത്തവിധം അജ്ഞാതമായി ഈശോയുടെ ജീവിതത്തിന്റെ ആദ്യത്തെ 30 വർഷങ്ങൾ പിന്നിട്ടിവെന്ന് ചരിത്രകാരമായ ആബേ ഫൂവാർഡ് പ്രസ്താവിക്കുന്നു. ഈ ലളിത ജീവിതത്തിന്റെ ഫലം എങ്ങനെയുള്ളതായിരുന്നുവെന്ന് ലൂക്കാ സുവിശേഷകന്റെ വാക്കുകളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു; "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52). നസറത്തിൽ അവൻ അവർക്ക് വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. ദൈവപുത്രനായ ഈശോയുടെ വളർത്തപ്പൻ ആശാരിപ്പണിക്കാരനായിരുന്നു. തൊഴിൽ ചെയ്യാൻ പ്രായമായപ്പോൾ ഈശോയും ആശരിപ്പണിതന്നെ തിരഞ്ഞെടുത്തു. ഒരു പ്രാകൃത മനുഷ്യനിൽ നിന്ന്– സ്നാപകയോഹന്നാനിൽ നിന്ന് – മാമ്മോദീസ സ്വീകരിച്ചു. ഈശോയ്ക്ക് മരുഭൂമിയിൽ സാത്താൻ നല്കുന്ന മൂന്ന് പ്രലോഭനങ്ങൾ (മത്താ. 4:110) ലാളിത്യത്തെ ബഹിഷ്കരിക്കണമെന്നുള്ളതായിരുന്നു. ലളിതമായ വചനങ്ങൾക്കൊണ്ടുതന്നെ അവിടുന്ന് പ്രലോഭനങ്ങളെ നേരിട്ടു. ഈശോയുടെ ജീവിതചര്യകളിലും ശൈലികളിലും പ്രാർത്ഥനയിൽപോലും ലാളിത്യസുവിശേഷം പ്രഘോഷിക്കപ്പെട്ടു. ശിശുക്കളെ വലിയവരായിക്കണ്ട ഈശോ, സർവ്വാധിപനായ ദൈവത്തെ 'അബ്ബാ' എന്നു ശിശുസഹജമായി വിളിക്കുവാൻ പഠിപ്പിച്ചു. അവിടുത്തെ ഉപമകൾ വലിയ ദൈവികസത്യങ്ങളെ ലളിതമായി അവതരിപ്പിച്ചു. അവിടുന്ന് ശിഷ്യരായി സ്വീകരിച്ചവരിൽ മുക്കുവരും ചുങ്കക്കാരും പാമരരുമായിരുന്നു അധികവും. പ്രൗഢമായ കുതിരപ്പുറത്തേക്കാൾ കഴുതപ്പുറമാണ് ആ ദീവിദിന്റെ പുത്രൻ ഓശാന വിളികൾക്ക് മുമ്പിൽ തിരഞ്ഞെടുത്തത് (മർക്കോ. 11: 7–11) ദൈവപുത്രന്റെ ലാളിത്യത്തിന്റെ മുഖം കാൽവരിയിൽ പൂർണ്ണമായി ശോഭിച്ചു. വഴിയും സത്യവും ജീവനും പുനരുത്ഥാനവുമായവന്റെ (യോഹ. 11:25, 14:6) സ്വരൂപം കുരിശടയാളത്തോളം ലളിതമായി വെളിവാക്കപ്പെട്ടു. പുകയുന്ന തിരി കെടുത്താത്ത, വളഞ്ഞ ഞാങ്കണ ഒടിക്കാത്ത ലാളിത്യരൂപനായി, ശാന്തശീലനും വിനീതഹൃദയനുമായവൻ എല്ലാം പൂർത്തിയാക്കി (യോഹ 19:30) പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി (മർക്കോ. 16:19). ഇന്നും ലാളിത്യത്തിന്റെ പരമകോടിയായ വി. കുർബ്ബാനയായി നമ്മോടൊത്ത് വസിക്കുന്നു.

അനുദിനം ഗതിമാറുന്ന ലോകത്തിൽ വിജയം ഉന്നതമായ കാഴ്ചപ്പാടുകൾക്ക് മാത്രം. അത്തരം കാഴ്ചപ്പാടുകളിൽ ലാളിത്യത്തിന്റെ തൂവൽസ്പർശം നിശ്ചയമായും ഉണ്ടായിരിക്കും. കാരണം ലാളിത്യം എന്നത് ഉന്നതമായ കാഴ്ചപ്പാടുകളിൽ അന്തർലീനമായിരിക്കുന്നു. അത് കുടുംബങ്ങളിൽ നിന്ന് കൈമാറേണ്ടതാണ്. ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാനാവുമെങ്കിൽ (ലൂക്കാ 6:44) ഇന്ന് നടമാടുന്ന ധൂർത്തിന്റെ സംസ്കാരം നമ്മെ ക്രൂരതയോടെ അറിയിക്കുന്നത് ലാളിത്യം കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുന്നു എന്ന ഭീകരസത്യമാണ്. ധൂർത്തിന്റെ സംസ്കാരം ചുരുങ്ങിയ കാലയളവിൽ കുടുംബങ്ങളെ തകർക്കുമെന്ന പ്രവാചക ശബ്ദം ഉയർന്നു കഴിഞ്ഞു. ഉറവിടത്തിലേയ്ക്ക് തിരിച്ചുപോകുവാനുള്ള ആഹ്വാനവും കൂടിയാണിത്. കുടുംബത്തിന്റെ അഭിവൃദ്ധി ലാളിത്യത്തിലാണെന്നും ലളിതമാണ് കുടുംബമെന്ന ദൈവീക സംവിധാനമെന്നും ഒരിക്കലും മറക്കാതിരിക്കുവാൻ ഈ ഉണർത്തൽ, ജാഗ്രത കുടുംബങ്ങൾക്കിന്നാവശ്യമാണ്.



# വിജയമന്ത്രങ്ങൾ

**അഞ്ജലീന എലിസബത്ത്**

മഹാനായ നെപ്പോളിയൻ തന്റെ കുട്ടിക്കാലത്ത് തെരുവിൽവച്ച് ഒരു കൈനോട്ടക്കാരനെ കണ്ടുമുട്ടി. അവൻ ആകാംക്ഷയോടെ കൈ നീട്ടിക്കൊണ്ട് അയാളോടു ചോദിച്ചു: "ഞാൻ രാജാവാകുമോ?" കൈനോട്ടക്കാരൻ കൈനോക്കിയിട്ട് പറഞ്ഞു: "നീ രാജാവാകില്ല". അതുകേൾക്കേണ്ട താമസം അവൻ പൊട്ടിത്തെറിച്ചു. "അതെന്താ ഞാൻ രാജാവാകത്തത്?" "രാജാവാകുവാൻ യോഗ്യരായ ആളുകളുടെ കൈവെള്ളയിൽ ഒരു പ്രത്യേക രേഖകാണും. ആ രേഖ നിനക്കില്ല" കൈനോട്ടക്കാരൻ പറഞ്ഞു. "ആ രേഖ പോകുന്നതെതിലെയാണ്?" "ദാ.. ഇതിലേ" കൈനോട്ടക്കാരൻ കൈവെള്ളയിൽ വരച്ചുകാണിച്ചു. നെപ്പോളിയൻ ഒരു പേനാകത്തിയെടുത്ത് കൈവെള്ളയിൽ അയാൾ കാണിച്ച ഭാഗത്ത് ആഴത്തിൽ വരച്ചു. രക്തം വാർന്നൊലിക്കുന്ന കൈവെള്ള കാണിച്ചുകൊണ്ട് അവൻ ചോദിച്ചു. "ഇനി പറയ് ഞാൻ രാജാവാകുമോ? ഇപ്പോൾ ആ രേഖയുണ്ടല്ലോ". നെപ്പോളിയന്റെ പ്രവർത്തി കണ്ട് അമ്പരന്നുപോയ ആ കൈനോട്ടക്കാരൻ പറഞ്ഞു. "നീ രാജാവല്ല ചക്രവർത്തി തന്നെയാകും. നിന്റെ നിശ്ചയദാർഢ്യം നിന്നെ വലിയനാക്കും". നമുക്കില്ലാത്തത് അവസരങ്ങളോ കഴിവുകളോ അല്ല, വ്യക്തമായ കാഴ്ചപ്പാടും നിശ്ചയദാർഢ്യവുമാണ്. ഇവയാണ് വിജയികളുടെ കൂടെപ്പിറപ്പ്.

ഉത്സവത്തിരക്കിനിടയിൽ ജനങ്ങൾ ലയിക്കുമ്പോൾ ബലൂൺവിൽപ്പനക്കാരൻ ബലൂണിനകത്ത് ഹൈഡ്രജൻ നിറച്ച് പറത്തിവിട്ടുകൊണ്ടിരുന്നു. ഉത്സവത്തിരക്കുകഴിഞ്ഞപ്പോൾ കറുത്തു



മെലിഞ്ഞ പട്ടിണിക്കോലമായ ഒരു കുട്ടി പിന്നിൽ നിന്ന് ബലൂൺ വിൽപ്പനക്കാരനെ തോണ്ടിവിളിച്ചിട്ട് ചോദിച്ചു. ''ചേട്ടാ... കറുത്ത ബലൂൺ മുകളിലേയ്ക്ക് ഉയരില്ലേ?'' കുട്ടിയുടെ ആകാംക്ഷനിറഞ്ഞ ചോദ്യം ഇഷ്ടപ്പെട്ട ബലൂൺ വിൽപ്പനക്കാരൻ തന്റെ സഞ്ചിയിൽ നിന്ന് ഒരു കറുത്ത ബലൂൺ എടുത്ത് വാതകം നിറച്ച് മുകളിലേയ്ക്ക് പറത്തി. ആ കറുത്ത ബലൂണും മറ്റ് ബലൂണുകൾക്കൊപ്പം പാറിക്കളിക്കുന്നത് ആ കുട്ടി കൗതുകത്തോടെ നോക്കി നിന്നു. ആ ബാലനെ തന്നോടുചേർത്തുനിർത്തി ബലൂൺ വിൽപ്പനക്കാരൻ പറഞ്ഞു: ''മകനേ ബലൂണിന്റെ നിറമോ വലുപ്പമോ സൗന്ദര്യമോ, അല്ല ഈ ബലൂണിനെ മുകളിലേയ്ക്ക് ഉയർത്തുന്നത്. അതിൽ അടങ്ങിയിരിക്കുന്ന വാതകമാണ്... വാതകം മാത്രം''. നമ്മെ ജീവിതത്തിലേയ്ക്ക് നയിക്കുന്നതും ഉയരണമെന്നും വിജയിക്കണമെന്നുമുള്ള നമ്മുടെ തീവ്രമായ ആഗ്രഹങ്ങളാണ്. ആഗ്രഹങ്ങളെ ജ്വലിപ്പിക്കുമ്പോൾ നമ്മിലുള്ള ഊർജ്ജം സ്വതന്ത്രമാകുകയും ആ ഊർജ്ജം കഴിവുകളെ വളർത്തുകയും ചെയ്യും.

ഹിമാലയത്തിലേയ്ക്കുള്ള യാത്രയിൽ മഞ്ഞുമഴ ശല്യമായപ്പോൾ വൃദ്ധനായ തീർത്ഥാടകൻ അടുത്തുകണ്ട സത്രത്തിൽ അഭയം തേടി. സംഭാഷണമധ്യേ സത്രമുടമ ചോദിച്ചു: ''ഈ മടുപ്പിക്കുന്ന കാലാവസ്ഥയിൽ എങ്ങനെയാണ് മലകയറാൻ നിങ്ങൾക്ക് കഴിയുന്നത്?'' പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: ''എന്റെ മനസ്സ് അവിടെയെത്തിക്കഴിഞ്ഞു. മനസ്സ് എത്തിയാൽ ശരീരത്തിന് എത്താതിരിക്കാനാകില്ല''. നമ്മുടെ ലക്ഷ്യങ്ങളിൽ ആദ്യം മനസ്സ് എത്തട്ടെ, സാവധാനം നാമും അവിടെയെത്തും. സ്വപ്നം കാണാനുള്ള കഴിവ് ഈശ്വരൻ നൽകുമ്പോൾ അത് സാക്ഷാത്കരിക്കാനുള്ള ഊർജ്ജവും അവിടുന്ന് നമ്മിൽ നിക്ഷേപിച്ചിരിക്കും.

യുദ്ധത്തിൽ ഏഴുതവണ പരാജിതനായി ഗുഹയിൽ അഭയം നേടിയ റോബർട്ട് ബ്രൂസ് നിരാശനായിരിക്കുമ്പോഴാണ് ഒരു ചിലന്തി വല പാകുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. നിരവധി തവണ നെയ്യാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ട ചിലന്തി പ്രത്യേകിച്ച് ഒരു ഭാവഭേദവുമില്ലാതെ വീണ്ടും വീണ്ടും ശ്രമിക്കുകയും വിജയം നേടുകയും ചെയ്തു. ഇത് ഈശ്വരൻ നൽകിയ സന്ദേശമായി കണ്ട റോബർട്ട് ബ്രൂസ് വീണ്ടും യുദ്ധത്തിനിറങ്ങി എതിരാളിയെ തോൽപ്പിച്ച്



രാജ്യം തിരിച്ചുപിടിച്ചു. ഇവിടെ മാറിയത് സാഹചര്യമോ യുദ്ധതന്ത്രങ്ങളോ, ശത്രുക്കളോ ഒന്നുമല്ല. മനോഭാവം മാത്രമാണ്. ഏതു ജോലിയേയും ഏത് കാലാവസ്ഥയേയും ഏത് വ്യക്തിയേയും നമുക്കിഷ്ടപ്പെടാം. നമ്മുടെ മനോഭാവം അതിനനുസരിച്ച് ക്രിയാത്മകമായി മാറ്റണം എന്നുമാത്രം. അതിന് ഉയർന്ന കാഴ്ചപ്പാട് സ്വന്തമാക്കണം. ധീരതയോടെ പ്രവർത്തിക്കുന്നവനേ വിജയം കടാക്ഷിക്കൂ. എന്ത് സംഭവിക്കും എന്ന് ആശങ്കപ്പെട്ട് ഭയന്നിരിക്കുന്നവർക്ക് വിജയം ലഭിക്കാറില്ല. വലിയ വിജയങ്ങൾ ആഗ്രഹിക്കുന്നവർക്ക് വലിയ വെല്ലുവിളികളെ അതിജീവിക്കണം– നെഹ്റു.

പലതരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്ന സമൂഹമാണ് നമുക്കുചുറ്റും. എന്തുചെയ്താലും അതിന്റെ ദോഷങ്ങൾ മാത്രം ചികഞ്ഞെടുക്കുന്നവരും ഉണ്ട്. അനുഗ്രഹിക്കാനും പ്രോത്സാഹിപ്പിക്കാനും അഭിനന്ദിക്കുവാനും എത്രയോ അവസരങ്ങൾ നമുക്ക് ലഭിക്കുന്നു. പക്ഷേ പലതും നമ്മൾ അവഗണിക്കുന്നു. സ്വന്തം കണ്ണിലെ തടികഷ്ണം എടുത്തിട്ട് മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാവൂ എന്ന് വിശുദ്ധ ബൈബിൾ നിരന്തരം ഓർമ്മിപ്പിക്കുന്നു. നല്ലവാക്ക് ദാനത്തേക്കാൾ വിശിഷ്ടമാണ്. കണ്ടുമുട്ടുന്ന ഓരോരുത്തർക്കും നൽകാൻ ഒരു നല്ല വാക്ക് സുക്ഷിക്കുന്നവരാകാം. മാക്സി ഗോർക്കി പറയുന്നു: ഓരോ മനുഷ്യനും സഹജീവിയുടെ സ്നേഹത്തിനുവേണ്ടി വിശക്കുന്നു.

എബ്രഹാം ലിങ്കണെ കാണുവാൻ ഒരു സുഹൃത്ത് വൈറ്റ് ഹൗസിലെത്തി. ലിങ്കൺ സന്തോഷപൂർവ്വം സുഹൃത്തിനെ സ്വീകരിച്ചു. ചായസൽക്കാരത്തിനുശേഷം ലിങ്കൺ ചോദിച്ചു: ''ഞാൻ എന്താണ് നിങ്ങൾക്ക് ചെയ്തു തരേണ്ടത്.'' അദ്ദേഹത്തിന്റെ ചോദ്യം കേട്ട് എന്താണ് മറുപടി പറയേണ്ടതെന്ന് തീർച്ചയില്ലാതെ അമ്പരപ്പോടെ സുഹൃത്ത് ലിങ്കണോടു പറഞ്ഞു: ''ഞാൻ സഹായം ചോദിക്കാൻ വന്നതല്ല, സൗഹൃദം പുതുക്കാനായി വന്നതാണ്. അതുപോലെ ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന അങ്ങ് ഈ ജോലിയും ഭംഗിയായി നിർവ്വഹിക്കുന്നു എന്നതിൽ എനിക്കും അഭിമാനമുണ്ട്. അതു പറയാനുംകൂടിയാണ് ഞാൻ വന്നത്''. സ്വന്തം ഇരിപ്പിടത്തിൽ നിന്ന് എണീറ്റ് തന്റെ സുഹൃത്തിന്റെ കരം ഗ്രഹിച്ചുകൊണ്ട് ലിങ്കൺ പറഞ്ഞു: എന്നെ കണ്ട് കാര്യം സാധിക്കാൻവേണ്ടി മാത്രമാണ് പലരും ഇവിടെ വരാറുള്ളത്. എന്നാൽ നിങ്ങൾ അങ്ങനെയല്ലാത്തതിനാൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിഷ്കളങ്കമായ നമ്മുടെ ഓരോ അഭിനന്ദനവും പ്രോത്സാഹനവും മനുഷ്യഹൃദയങ്ങളിൽ വരുത്തുന്നത് പരിവർത്തനങ്ങളാണ്. വാക്കുകൾക്കാണ് ആയുധങ്ങളേക്കാൾ മൂർച്ച.

ഡയോജെനിസ് നട്ടുച്ച സമയത്ത് കത്തിച്ച വിളക്കുമായി ഏഥൻസ് നഗരത്തിലൂടെ പോവുകയായിരുന്നു. ''താങ്കൾ പകൽ സമയത്ത് എന്തിനാണ് കത്തിച്ച വിളക്കുമായി നടക്കുന്നത്?'' ഒരു വഴിപോക്കൻ ആരാഞ്ഞു. ഞാൻ മനുഷ്യരെ അന്വേഷിക്കുകയാണെന്ന ഉത്തരമാണ് അദ്ദേഹം നൽകിയത്. ''ഈ നഗരത്തിലൂടെ അനേകം മനുഷ്യർ കടന്നുപോകുന്നത് നിങ്ങൾ കാണിന്നില്ലെന്നോ?'' അയാൾ അത്ഭുതത്തോടെ ചോദിച്ചു. ഡയോജനിസ് പറഞ്ഞു: ''ഇവരാരും ചിന്തിക്കുന്നവരല്ല, അതിനാൽ മനുഷ്യൻ എന്ന വാക്കിന് അർഹനല്ല''. നൂറ്റാണ്ടുകൾക്ക് മുമ്പ് ഡയോജനിസ് പറഞ്ഞ ഈ സത്യം എത്രപേർ തിരിച്ചറിയുന്നുണ്ട്. ചിന്തിക്കണം നമ്മൾ; പക്ഷെ ഒഴുക്കിനനുസരിച്ചല്ല, കാലത്തിനനീതമായ കുലീനമായ കാഴ്ചപ്പാടുകളിലൂടെയായിരിക്കണം. അവ അനുഭവങ്ങളിലൂടെ നാം ആർജ്ജിച്ചെടുത്തേ മതിയാവൂ...

## ദൈവത്തേപ്പോലെ...

മരച്ചുവട്ടിലിരുന്ന നസ്യാസിയെ നോക്കി അഹങ്കാരിയായ യാത്രികൻ ഇങ്ങനെ പരിഹസിച്ചു: ''താങ്കളെ കണ്ടാൽ വൃത്തികെട്ട ഒരു കുരങ്ങിനെ പോലെയുണ്ട്''. മറുപടിയായി സന്യാസി യാത്രികനോടു പറഞ്ഞു: ''താങ്കളെ കണ്ടാൽ ദൈവത്തെ പോലുണ്ട്''. അപ്പോൾ യാത്രികൻ അദ്ഭുതപ്പെട്ടു. അയാൾ സന്യാസിയിൽനിന്നും ചീത്ത വാക്കുകളാണ് പ്രതീക്ഷിച്ചത്. ''അതെന്താണ് താങ്കൾ അങ്ങനെ പറഞ്ഞത്''. അമ്പരപ്പ് വിട്ടുമാറാതെ യാത്രികൻ സാവധാനം ചോദിച്ചു. അതിന് സന്യാസി ഇങ്ങനെ പറഞ്ഞു: ''എന്റെ ഉള്ളിൽ ഉള്ളതെന്താണോ അതാണ് ഞാൻ നിങ്ങളിൽ കണ്ടത്''.







Printed and Published by Sr Vimala George on behalf of Sisters of Charity of St John of God and
Printed at Sterling Print House (P) Ltd. Door No: 49/1849, Ponekkara P.O., Cochin-682 041.
Published at Sisters of Charity of St John of God, Kattappana South P.O, Idukki (Dt) 685 515.
E-mail: fortunekpna@gmail.com, Website: www.scjg.in., Editor : Sr Vimala George

# SISTERS OF CHARITY OF ST JOHN OF GOD



HOSPITAL SERVICE

OLD AGE HOMES

SOCIAL SERVICE

PASTORAL SERVICE

PARISH MINISTRY






**CONTACT DETAILS**

Vocation Promoter

Sisters of Charity of St John of God

Kattappana south P.O

Ph:04868 272744, Mob: 9961107153

E-mail- vocationscjg@gmail.com,

Website- www.scjg.in





